

**മാസ്മര ലോകത്തിലെ മാനുഷിക പ്രവർത്തികൾ**
സന്തോഷ് പന്തളം



**വഴിതെറ്റുന്ന തലമുറകൾ**
മെർളിൻ ഷേർളി സന്തോഷ്



**Beware of False Prophets!**
James Koshy George



**ചൂഷണം അനുഭവിക്കുന്ന അധ്യാപകർ**
Duglas Joseph

Bringing You Closer to God
LANDWAY

# ലാൻഡ്‌വേ ന്യൂസ്

SCAN TO READ ONLINE

10 ഡിസംബർ 2017

Volume No.3 • Issue No. 12 • Pages 8 • Price: INR 10/- • Published From Pathanamthitta • www.landwaynews.com • Mail: landwaynews@gmail.com • Call: 9447440441

## ശുശ്രൂഷക സമ്മേളനത്തിന് അനുഗ്രഹ സമാപ്തി




നിലമ്പൂർ: ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ കേരളാ സംസ്ഥാന ശുശ്രൂഷക സമ്മേളനത്തിനു അനുഗ്രഹ സമാപ്തി. 2017 നവംബർ 14,15 തീയതികളിൽ പാലുണ്ട ന്യൂ ഹോപ്പ് ബൈബിൾ കോളേജ് ഗ്രൗണ്ടിൽ നടന്ന സമ്മേളനം സംസ്ഥാന പ്രസിഡണ്ട് പാസ്റ്റർ കെ.സി. തോമസ് ഉദ്ഘാടനം ചെയ്തു. മലബാർ മേഖലാ പ്രസിഡന്റ് പാസ്റ്റർ ജോൺ ജോർജ്ജ് അദ്ധ്യക്ഷനായിരുന്നു. സഭാ വളർച്ച എന്ന ചിന്താവിഷയത്തെക്കുറിച്ച് സംസ്ഥാന സെക്രട്ടറി പാസ്റ്റർ ഷിബു നെടുവേലി വിഷയാവതരണം നടത്തി. പാസ്റ്റർ രവിമണി മുഖ്യ പ്രസംഗകനായിരുന്നു. പാസ്റ്റർമാരായ രാജു പൂവക്കാല, സി.സി.ഏബ്രഹാം, ജോയി താനുവേലിൽ, മാത്യു തോമസ്, കെ.സി. ഉമ്മൻ, ബിജോയ് കുര്യാക്കോസ് തുടങ്ങിയവർ വിവിധ വിഷയങ്ങളെക്കുറിച്ച് ക്ലാസെടുത്തു. കൗൺസിൽ അംഗങ്ങളായ സജി മത്തായി കാതേട്ട്, വി.സി. മാത്യു, വി.എസ്. ചാക്കോ, സാംകുട്ടി കോഴിമല, ചാക്കോ ദേവസ്യ, ജോർജ്ജ് തോമസ് വടക്കുഞ്ചേരി തുടങ്ങിയവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി. മലബാറിലെ 30 സെന്ററുകളിൽനിന്നായി 420 ശുശ്രൂഷകന്മാർ പങ്കെടുത്തു.

## ജനറൽ കൺവൻഷൻ 2018 ജനുവരി 23 മുതൽ

പുനലൂർ: അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് ജനറൽ കൺവൻഷൻ 2018 ജനുവരി 23 മുതൽ 28 വരെ പുനലൂർ ഏ. ജി. കൺവൻഷൻ ഗ്രൗണ്ടിൽ നടക്കും. ജനുവരി 23 ചൊവ്വ വൈകിട്ട് 6 മണിക്ക് നടക്കുന്ന പ്രാരംഭ സമ്മേളനത്തിൽ സഭാ സൂപ്രണ്ട് പാസ്റ്റർ ടി. ജെ. ശാമുവേൽ കൺവൻഷൻ ഉദ്ഘാടനം ചെയ്യും. ചൊവ്വാ മുതൽ ശനി വരെ ദിവസവും വൈകിട്ട് 6 മുതൽ 9 വരെ നടക്കുന്ന പൊതുയോഗങ്ങളിൽ അഭിഷിക്തരായ ദൈവദാസന്മാർ പ്രസംഗിക്കും. ജനറൽ കൺവൻഷന്റെ വിജയകരമായ നടത്തിപ്പിനുവേണ്ടി സൂപ്രണ്ട് ടി. ജെ. ശാമുവേൽ ചെയർമാനായും, ട്രഷറർ പാസ്റ്റർ എ. രാജൻ ജനറൽ കോർഡിനേറ്ററുമായി വിപുലമായ കമ്മറ്റിയെ പ്രസ്ബിറ്ററി ചുമതലപ്പെടുത്തി. ഏ.ജി. ക്വയർ ആണ് സംഗീത ശുശ്രൂഷ നയിക്കുന്നത്. ഷാജൻ ജോൺ ഇടയ്ക്കാട്, ജോൺസൺ സാമുവേൽ, സാം യു. ഇളമ്പൽ (മീഡിയ). വിവിധ കമ്മറ്റികൾ പ്രവർത്തനം ആരംഭിച്ചു ജനുവരി 24 ബുധൻ, 25 വ്യാഴം ദിവസങ്ങളിൽ ശുശ്രൂഷകസമ്മേളനം രാവിലെ 9 മുതൽ വൈകിട്ട് 5 വരെ നടക്കും.

വെള്ളി രാവിലെ 9 മുതൽ ഉച്ചയ്ക്ക് 1 വരെ മിഷൻ സമ്മേളനവും ഉച്ചയ്ക്ക് 2 മുതൽ വൈകിട്ട് 5 വരെ പൂർണ്ണസമയ ശുശ്രൂഷകരായി പുതിയതായി തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ഓർഡിനേഷൻ നൽകുന്നതിനുള്ള പ്രത്യേക യോഗവും നടക്കും. 27 ശനി രാവിലെ 9 മുതൽ 1 വരെ സൺഡേസ്കൂൾ സമ്മേളനവും ഉച്ചയ്ക്ക് 2 മുതൽ 4 വരെ സി.എ. (യുവജന) സമ്മേളനവും നടക്കും. 28 ഞായർ രാവിലെ 9 മുതൽ ഉച്ചയ്ക്ക് 1.30 വരെ നടക്കുന്ന സംയുക്ത സഭായോഗത്തോടെ കൺവൻഷൻ സമാപിക്കും.

## വ്യക്തി കുടുംബ കേസുകളിൽ മധ്യസ്ഥത്തിന് ചർച്ചകൾക്ക് അനുമതി

അബുദാബി: അബുദാബി നീതിന്യായ വകുപ്പും ക്രിസ്ത്യൻ പുരോഹിതരും തമ്മിൽ വിവാഹത്തിന് അംഗീകാരം നൽകൽ, വിവാഹമോചന കേസുകളിൽ മധ്യസ്ഥം വഹിക്കൽ, വിവാഹമോചിതരുടെ കുട്ടികളുടെ സംരക്ഷണത്തിൽ തീരുമാനമെടുക്കൽ തുടങ്ങിയ കാര്യങ്ങൾക്ക് ചർച്ചുകൾക്ക് അധികാരം നൽകുന്ന കരാർ ഒപ്പുവെച്ചു. കക്ഷികൾക്ക് താൽപര്യമുണ്ടെങ്കിൽ ശരിഅത്ത് നിയമ വ്യവസ്ഥയുടെ അടിസ്ഥാനത്തിലല്ലാതെ വ്യക്തികുടുംബ കേസുകൾ പരിഹരിക്കാൻ ഇതുവഴി സാധിക്കും. അടുത്ത വർഷം മുതലാണ് ഈ സംവിധാനം ആരംഭിക്കുക. ഇതിനായി ക്രിസ്ത്യൻ പുരോഹിതരും സഭാ ശുശ്രുഷകരും അബുദാബി നീതിന്യായ വകുപ്പുമായി ചേർന്ന് പ്രവർത്തിക്കും.

വിൽപ്പത്രം തയ്യാറാക്കൽ, പാരമ്പര്യ സ്വത്ത് വീതിക്കൽ എന്നിവയിലും ചർച്ചിന്റെ ഇടപെടലിലൂടെ നടപടികൾ ഉദ്ദേശിക്കുന്നതായി ചർച്ച് അധികാരികൾ വ്യക്തമാക്കി. ശരിഅത്ത് അടിസ്ഥാനമാക്കിയല്ലാത്ത സംവിധാനത്തിലൂടെ അമുസ്ലിംങ്ങൾ നിയമ നടപടികളുടെ പൂർത്തീകരണം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് നടപടി. അബുദാബി അറബിക് ഇവാഞ്ചലിക്കൽ ചർച്ച് മേധാവി ജോസഫ് ഫറഗല്ല, അബുദാബിയിലെ സെന്റ് ആന്റണി കോപ്റ്റിക് ഓർത്തഡോക്സ് കത്തീഡ്രൽ പാസ്റ്റർ ബിഷോയ് ഫഖ്റി എന്നിവരാണ് അബുദാബിയിൽ നടന്ന പരിപാടിയിൽ അബുദാബി നീതിന്യായ വകുപ്പുമായുള്ള കരാറിൽ ഒപ്പുവച്ചത്.

ചർച്ചിനെ നീതിന്യായ വ്യവസ്ഥയുടെ ഭാഗമാക്കുന്നത് മാതൃകാപരവും സവിശേഷവുമായ അനുഭവമാണെന്ന് അബുദാബിയിലെ സെന്റ് ആന്റണി കോപ്റ്റിക് ഓർത്തഡോക്സ് കത്തീഡ്രൽ പാസ്റ്റർ ബിഷോയ് ഫഖ്റി അഭിപ്രായപ്പെട്ടു. ഏറെ സഹിഷ്ണുതാപരവും അമുസ്ലിംങ്ങൾക്ക് സൗകര്യമൊരുക്കുന്നതിൽ പരമാവധി ശ്രദ്ധിക്കുകയും ചെയ്യുന്ന രാജ്യമാണ് യു.എ.ഇ. അമുസ്ലിംങ്ങളെ ബോധ്യപ്പെടുത്തുന്നതാണ് ഈ നട പടികളെന്ന് ജോസഫ് ഫറഗല്ല പറഞ്ഞു. കരാറിന്റെ അടിസ്ഥാനത്തിൽ തർക്കത്തിലുള്ള ദമ്പതികളെ സഹായിക്കാനും അവർക്കിടയിൽ മധ്യസ്ഥത വഹിക്കാനും ചർച്ച് മുൻകൈയെടുക്കും. വിൽപ്പത്രം തയ്യാറാക്കലും പാരമ്പര്യ സ്വത്ത് വീതിക്കലും ശരിഅത്ത് നിയമം അടിസ്ഥാനമാക്കിയോ സ്വന്തം രാജ്യത്തെ നിയമം അടിസ്ഥാനമാക്കിയോ വേണ്ടതെന്നത് കക്ഷികളുടെ താൽപര്യത്തിന് അനുസരിച്ചായിരിക്കും തീരുമാനിക്കുക. അടുത്ത വർഷം മുതലാണ് ഈ സംവിധാനം ആരംഭിക്കുക.

## പാചക കാർഷിക ഉൽപ്പന്നമേള




തിരുവല്ല: ഇൻഡ്യൻ ചർച്ച് കൗൺസിൽ സോദരി സമാജത്തിന്റെ ആഭിമുഖ്യത്തിൽ 2017, ഒക്ടോബർ 18-ാം തീയതി നടന്ന പാചക കാർഷിക ഉൽപ്പന്നമേള ബഹു ജലവിഭവവകുപ്പ് മന്ത്രി അഡ്വ. മാത്യു റ്റി. തോമസ് ഉദ്ഘാടനം ചെയ്തു. പഴയ തലമുറയുടെ പാചകവും വിഭവങ്ങളിലേക്കുള്ള ഒരു യാത്രയാണ് ഈ മേളകൾ എന്ന് മന്ത്രി തന്റെ പ്രസംഗത്തിൽ സൂചിപ്പിച്ചു. തദവസരത്തിൽ പാസ്റ്റർമാരായ ഈപ്പൻ പി. ജോർജ്ജ്, ബിനു അലക്സ്, രാജു പൂവക്കാല, തോമസ് ഫിലിപ്പ്, ജോൺസൺ സാമുവേൽ, പോൾ എൻ. ഡാനിയേൽ, മറിയാമ്മ തോമസ്, ലീലാമ്മ സണ്ണി, പ്രീതി ഡേവിഡ്സൺ, മേഴ്സി പോൾ, അഡ്വ. രാജീവ് (ഇരവിപേരൂർ ഗ്രാമപഞ്ചായത്ത് വൈ. പ്രസിഡന്റ്) കൗൺസിലർമാരായ ഷീലാ വർഗീസ്, ചെറിയാൻ, വർഗ്ഗീസ് പി. വർഗീസ്, മുനിസിപ്പൽ ചെയർമാൻ കെ.വി. വറുഗീസ് ആദ്യവിൽപ്പന ഉദ്ഘാടനം ചെയ്തു.

## ഗദക് എറൈസ് ആന്റ് ഷൈൻ ക്രസേഡ് സമാപിച്ചു

ഗദക് (വടക്കൻ കർണാടക): വടക്കൻ കർണാടകയിലെ ഗദക് ജില്ലാ പാസ്റ്റേഴ്സ് ഫെലോഷിപ്പും ബാംഗ്ലൂർ വിക്ടറി ഇന്റർനാഷണൽ അസംബ്ലീസ് ഓഫ് ഗോഡ് ചർച്ചും സംയുക്തമായി നവംബർ 17 മുതൽ 19 വരെ ഗദക് വിവേകാനന്ദ ഓഡിറ്റോറിയത്തിൽ നടത്തി വന്ന 13 -ാമത് എറൈസ് ആന്റ് ഷൈൻ (എഴുന്നേറ്റ് പ്രകാശിക്കുക) ക്രൂസേഡ് സമാപിച്ചു. ജില്ലയിലെ ഇരുപതിൽപ്പരം സഭകളിൽ നിന്നുള്ള വിശ്വാസികളും ശുശ്രൂഷകരും പങ്കെടുത്ത യോഗത്തിൽ ബെംഗളുരു വി.ഐ.എ.ജി. സീനിയർ പാസ്റ്റർ രവിമണി വചന പ്രഭാഷണം നടത്തി. കർണാടക ഗ്രാമവികസന മന്ത്രി എച്ച്.കെ. പാട്ടീൽ, കർണാടക മുൻ എം.എൽ.എ.യും കെ.പി.സി.സി. വൈസ് പ്രസിഡന്റുമായ ഡി.ആർ. പാട്ടീൽ, പഞ്ചായത്ത് പ്രസിഡന്റ് വാസണ്ണ, സാമൂഹ്യ പ്രവർത്തകൻ രാജു ഗൗഡ പാട്ടീൽ എന്നിവർ മുഖ്യാതിഥികൾ ആയിരുന്നു.

“ക്രൈസ്തവർ സ്വന്ത നേട്ടത്തിനുവേണ്ടി മാത്രമല്ല ലോക നന്മയ്ക്കും സമാധാനത്തിനും വേണ്ടിയാണ് പ്രാർത്ഥിക്കുന്നതെന്ന്” കർണാടക ഗ്രാമവികസന മന്ത്രി എച്ച്. കെ. പാട്ടീൽ പറഞ്ഞു. വിവിധ ജില്ലകളിൽ നടത്തുന്ന യോഗങ്ങൾ കർണാടക ജനങ്ങളുടെ ശാന്തിക്കും സമാധാനത്തിനും ഉതകുന്നതാണെന്നും അദ്ദേഹം പറഞ്ഞു. ആയിരത്തിൽപ്പരം ആളുകൾ ക്രൂസേഡിൽ പങ്കെടുത്തു.

**LANDWAY NEWS**

**EDITORIAL BOARD**

*CHIEF EDITOR:* Santhosh Pandalam
*EDITOR:* Sherly Santhosh
*ASSOCIATE EDITOR:* Shiju John Samuel
*SUB EDITOR:* Joy Varghese Elanthoor
*ADVISORY BOARD:* Godwin Y. D • Shibu Paippad, Mohan George • Biju Abraham, J. P. Vennikulam, Jacob Kottarakkara • Finny Kanjangod

*REPORTERS:*

UNITED KINGDOM – Sam Jiji Mangalathu
UNITED STATES OF AMERICA – Avinash Thankachan
AUSTRALIA – Aaron George Mathew
KINGDOM OF SAUDI ARABIA
JUBAIL – Shibu Paippad
RIYADH – Daniel Eppachan
UNITED ARAB EMIRATES – UAE Coordinator & Reporter Duglas Joseph
AJMAN – Anil Babu
SHARJAH – Das P. Vilakudy
DUBAI – Siby George
RAS AL KHAIMAH – Biji Philip
UMM AL QUWAIN – Abraham Thomas
QATAR – Biju Iverkala
BAHRAIN – Bose B Varghese
BULGARIA – Ronald Regie
KERALA – Shibu George
KARNATAKA – Paul C. Joseph
DELHI – C. John
MUSCUT – Sam George, Kottarakkara
ETHIOPIA – Tariku Alemu

**Address:**

LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pandalam – 689502,
Pathanamthitta Dist, Kerala, India
Phone: +91-9447440441,
Email: landwaynews@gmail.com,
www.facebook.com/landwaynewspaper
www.landwaynews.com

**Yearly Subscription**
INDIA: Rs. 150
USA: Dollars - 60
Canada: Dollars 75
UK: Pounds - 30
Gulf: Rs. 3000

Disclaimer:
The views expressed in the articles are those of the writers. The magazine will not bear any responsibility for them. Some of the images used in this news paper have been downloaded from websites.We acknowledge that the copyright of those images remain with the original owners, and The Landway News does not intend to use those for commercial purposes and does not claim any rights for them.

## വരിസംഖ്യ?

ലാൻഡ്‌വേ ന്യൂസ് പേപ്പറിന്റെ വരിസംഖ്യയും സംഭാവനകളും താഴെക്കാണുന്ന വിലാസത്തിൽ ഏതിലെങ്കിലും അയയ്ക്കുക!

LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pandalam – 689502,
Pathanamthitta Dist, Kerala, India

*Bank Details*
LANDWAY NEWS
A/c. No. 0386073000000078
South Indian Bank
Thumpamon Branch
IFSC: SIBL0000386
SWIFT CODE: SOININ55

**EDITORIAL DESK**



സന്തോഷ് പന്തളം

# മാസ്മര ലോകത്തിലെ മാനുഷിക പ്രവർത്തികൾ

**പ്രശ്നങ്ങൾ പരിഹരിക്കപ്പെടണമെങ്കിൽ ഒരുമിച്ചുള്ള ആശയവിനിമയം അത്യാവശ്യമാണ്. ഒറ്റയാൻ പട്ടാളത്തെപ്പോൾ ആരെയും വെല്ലുവിളിക്കരുത്. ഈ ലോകത്തിൽ ഒറ്റക്ക് പൊരുതി ആരും വിജയിച്ചിട്ടില്ല എന്ന് ഓർക്കുക.**

താൻ പിടിച്ച മുയലിന് രണ്ട് കൊമ്പ് എന്ന മട്ടിൽ സംസാരിക്കുന്ന പല വിരുതന്മാരെയും ഈ നാളുകളിൽ നമ്മുടെ ചുറ്റുപാടുകളിൽ കാണാവുന്നതാണ്. അവർ ചെയ്യുന്ന തെറ്റുകൾ ശരിയാണ് എന്ന് അവർ മനസ്സിലാക്കിയാലും അതേ ചെളിയിൽ തന്നെ കിടന്നുരുളുന്ന പന്നിയെ പോലുള്ളവർ ധാരാളമുണ്ട്. ഒരിക്കലും മനുഷ്യർക്ക് തെറ്റ് വരികയില്ല എന്നതല്ല പറഞ്ഞതിന്റെ സാരാംശം. അഥവാ തെറ്റു വന്നാൽ അതിന്റെ ഗൗരവത്തിൽ അതിനെ മനസ്സിലാക്കി വീണ്ടും ആവർത്തനവിരസത സംഭവിക്കാതെയിരിക്കാൻ ആവുന്നിടത്തോളം നാം ശ്രമിക്കണം. മറ്റു മനുഷ്യരെ ബഹുമാനിക്കുവാനും മാനിക്കുവാനും നാം ആദ്യം പഠിക്കണം. ബഹുമാനം കൊടുത്ത് നാം ബഹുമാനം വാങ്ങിക്കണം. അപരനോട് അനുകമ്പയുള്ളവനാകണം യഥാർത്ഥ ദൈവമനുഷ്യൻ. കഴിഞ്ഞ കാര്യങ്ങളെ വീണ്ടും കുത്തിപ്പൊക്കി താനാണ് ഏറ്റവും വിശുദ്ധൻ എന്ന് മറ്റുള്ളവരുടെ മുമ്പിൽ കാണിക്കുന്ന പ്രഹസനം മാന്യനായ മനുഷ്യർക്ക് ഭൂഷണമല്ല. താൻ മുഖേന ആർക്കെങ്കിലും വേദന സംഭവിച്ചിട്ടുണ്ടോ?, ആരുടെയെങ്കിലും ഹൃദയത്തിൽ വാക്കു കൊണ്ട് മുള്ളുതറച്ചിട്ടുണ്ടോ? ഈ മാസ്മര ലോകത്തിലെ മനോവികാരത്തിൽ ഞാൻ എന്തെങ്കിലും പറഞ്ഞിട്ടുണ്ടോ? എന്നുള്ള പുനർവിചിന്തനം അത്യാവശ്യമാണ്. സ്വന്ത സഹോദരനെയും വീട്ടുകാരെയും താഴ്ത്തികെട്ടി സംസാരിക്കുന്നത് എത്ര മണ്ടത്തരമാണ്. തലങ്ങും വിലങ്ങും വേണ്ടതും വേണ്ടാത്തതും പറഞ്ഞു പ്രചരിപ്പിക്കുന്നത് വെറും തരംതാണ പ്രവർത്തിയാണ്. വ്യക്തിത്വമുള്ളവർ ചെയ്യുന്ന പ്രവർത്തിയല്ല എന്നു ഓർക്കുക. പക തീർക്കുവാനുള്ള വേദിയായി സമൂഹം മാറരുത്. പക തീർക്കുവാനുള്ള പടയൊരുക്കമാണോ അപവാദം? അപവാദം പറയുന്നവനെക്കുറിച്ച് ദൈവവചനം പറയുന്നത് അവൻ പിശാചാണ് എന്നത്രെ. പിശാച് പണ്ടുമുതലെ ഭോഷ്ക്ക് പറയുന്നവനും അവന്റെ അപ്പനുമാണ് എന്ന് ഒരിക്കൽകൂടി ഇവിടെ കുറിച്ചുകൊള്ളട്ടെ.

ദൂരെയുള്ള മിത്രത്തെക്കാൾ അരികത്തുള്ള ശത്രുവായിരിക്കും നിനക്ക് സഹായം ചെയ്യുന്നതെന്ന് ഓർക്കുക. വിദൂരത്തുള്ള അലക്കുകാരനെക്കാളും സമീപത്തുള്ള പാറയാണ് അത്യുത്തമം. നീ ആരെയും അപഹസിക്കരുത്, വേദനിപ്പിക്കരുത്, അപവാദം പറയരുത്, തരം താഴ്ത്തി സംസാരിക്കരുത് മറ്റുള്ളവർക്ക് ദോഷം വരുന്ന നിലയിൽ യാതൊരു വിധത്തിലും ഇടപെടരുത് അത് ആത്മീയതയ്ക്ക് ഭൂഷണമല്ല.

വാക്കുകളുടെ പെരുപ്പത്താൽ പാപം വർദ്ധിക്കുന്നു എന്നാണ് തിരുവചനം പഠിപ്പിക്കുന്നത്. മറ്റുള്ളവരെ വിധിക്കുവാൻ ആരാണ് നിനക്ക് അധികാരം നൽകിയത്? നിന്റെ സഹോദരനെ അപമാനിക്കാൻ നീ ഇത്രയ്ക്ക് തരംതാണുപോയല്ലോ? സഹോദരനെ അപമാനിക്കുന്നവൻ നിന്നെയാണ് നീ അപമാനി ക്കുന്നത് എന്ന് ഓർക്കുക. സ്വന്ത പല്ലിനെ കുത്തിയിട്ടു മറ്റൊരുവന്റെ മൂക്കിൽ വച്ചു കൊടുക്കുന്ന സ്വഭാവം നിനക്ക് നല്ലതല്ല. അൽപം ബുദ്ധിയെങ്കിലും ഉണ്ടെങ്കിൽ നീ ഇനി ഒരിക്കലും ചെയ്യുകയില്ല.

പ്രശ്നങ്ങൾ പരിഹരിക്കപ്പെടണമെങ്കിൽ ഒരുമിച്ചുള്ള ആശയവിനിമയം അത്യാവശ്യമാണ്. ഒറ്റയാൻ പട്ടാളത്തെപ്പോൽ ആരെയും വെല്ലുവിളിക്കരുത്. ഈ ലോകത്തിൽ ഒറ്റക്ക് പൊരുതി ആരും വിജയിച്ചിട്ടില്ല എന്ന് ഓർക്കുക. ഒരു കരം മറ്റുകരവുമായി കോർത്ത് പിടിക്കുമ്പോഴാണ് യഥാർത്ഥ വ്യക്തിത്വം വെളിപ്പെടുന്നത്. ആരെയും ആർക്കും മാറ്റിനിർത്തുവാൻ കഴിയുകയില്ല. പൊന്നും തൂമ്പ ഉള്ളവർക്ക് മൊട്ടുസൂചി ആവശ്യമായി വരുമെന്ന് ചിന്തിക്കുന്നത് നല്ലതാണ്. നിൽക്കുന്നിടം തന്നെ കുഴിക്കുന്ന ബുദ്ധിയില്ലാത്ത മനുഷ്യനെ പോലെയാകാതെ നിത്യതയുടെ ദർശനം പ്രാപിക്കുന്ന ആത്മീയ മനുഷ്യനാകാൻ ശ്രമിച്ചാൽ ഏറെ ഉത്തമം.

ഒറ്റയ്ക്ക് എടുക്കുന്ന തീരുമാനങ്ങൾ അരാചകത്വത്തിലേക്ക് വഴിതെളിച്ചേക്കാം. പക്ഷേ ഒത്തുപിടിച്ചാൽ മലയും പോകും എന്നത് തള്ളിക്കളയാൻ കഴിയാത്ത നിത്യസംഭവമാണ് എന്ന് മറന്നു പോകരുതേ. കൂട്ടായ പ്രവർത്തനം എല്ലായ്പ്പോഴും ആത്മനിറവും അനുഗ്രഹവും തന്നെയാണ്. ബുദ്ധിയോടെ കാര്യങ്ങൾ ചെയ്താൽ പുറത്ത് നിന്ന് ഉണ്ടാകാനുള്ള എതിർപ്പുകളും പല്ലുകടിയും ഒരു പരിധിവരെ നമ്മുക്ക് പരിഹരിക്കാനാവും.

# വഴിതെറ്റുന്ന തലമുറകൾ

YOUTH



**മെർളിൻ ഷേർളി സന്തോഷ്**

ഇമ്പമേറിയ നമ്മുടെ ജീവിതത്തിൽ കാണുന്ന ഓരോ അനുഭവം ആണ് നമ്മുടെ കുട്ടികൾ വഴിതെറ്റി പോകുന്നതിന് കാരണം. ഇതിന് കാരണം നാം ഓരോരുത്തർ തന്നെയാണ് കാരണം. നമ്മുടെ കുഞ്ഞുങ്ങൾക്ക് രൂപ, മൊബൈൽ ഫോൺ, വാഹനം, കമ്പ്യൂട്ടർ ഇവയെല്ലാം ഏകദേശം 15 വയസാകുമ്പോഴേ അവർക്ക് മാതാപിതാക്കൾ കൊടുത്തിരിക്കും. മാതാപിതാക്കൾ അത് എന്തിനാണ് എന്ന് തിരക്കുകയില്ല. ഫോണും, കമ്പ്യൂട്ടറും ഉപയോഗിക്കുമ്പോൾ അവർ വിചാരിക്കുന്നത് അവൻ അല്ലെങ്കിൽ അവൾ പഠിക്കുകയോ, അല്ലെങ്കിൽ പ്രൊജക്റ്റ് ചെയ്യുകയോ എന്നാണ് കരുതുന്നത്. വാഹനം കൈയിൽ കിട്ടുമ്പോൾ അവർക്ക് എന്തോ വലിയ ഒരു നിധി കിട്ടിയതുപോലെ അത് എടുത്തുകൊണ്ട് അതിവേഗത്തിൽ കറങ്ങുന്ന ഒരു രീതിയാണ് നാം ഇന്നു കാണുന്നത്. അത് അപകടമാണെന്ന് മാതാപിതാക്കൾക്ക് അറിയാം. എങ്കിലും അവർ ഇല്ലാത്ത സമയം നോക്കി വണ്ടി എടുത്തുകൊണ്ട് പോകും.

ഇപ്പോഴുള്ള ന്യൂജനറേഷൻ കുട്ടികൾ മാതാപിതാക്കൾ പറയുന്നത് അനുസരിക്കില്ല എന്നാണ് സത്യം. മാതാപിതാക്കൾക്ക് കുട്ടികളെ ഈ കാലഘട്ടത്തിൽ പേടിയാണ് കാരണം ഇപ്പോഴത്തെ കുട്ടികൾ ചോദിക്കുന്നത് കൊടുത്തില്ലെങ്കിൽ ഞാൻ ചാകും, ഇറങ്ങിപ്പോകും എന്ന് പറഞ്ഞ് അവരെ ഭീഷണിപ്പെടുത്തും. അത് കേൾക്കുമ്പോൾ തന്നെ മാതാപിതാക്കൾ അവർക്ക് ചോദിക്കുന്നത് കൊടുക്കും കാശ് ചോദിച്ചാൽ എന്തിനാണെന്ന് തിരക്കുകയില്ല. ഒരാവശ്യത്തിന് മാതാപിതാക്കൾ കടയിൽ വിട്ടാൽ സാധനം വാങ്ങിയിട്ട് ബാക്കി വരുന്ന രൂപ അവർ എടുത്ത് അവരുടെ കാര്യങ്ങൾ സാധിക്കും. അങ്ങനെ വരുമ്പോൾ പിന്നത്തേതിൽ അവരുടെ കൈയിൽ കാശ് ഇല്ലാതെ വരുമ്പോൾ അവർക്ക് ഭ്രാന്ത് പിടിക്കുന്നതുപോലെയാകും കാരണം കൈയിൽ കാശില്ല വീട്ടിലെ പ്രയാസം അവർക്ക് അറിയേണ്ട കാര്യമില്ലല്ലോ? മാതാപിതാക്കൾ കുട്ടികളെ കഷ്ടത മനസ്സിലാക്കിയും പ്രയാസമറിഞ്ഞും വേണം വളർത്താൻ. കുട്ടികൾ രാവിലെ എഴുന്നേറ്റ് സ്കൂളിൽ പോകാൻ ഒരുങ്ങി.... സ്കൂളിൽ പോകുന്നോ ചെന്നോ എന്ന് മാതാപിതാക്കൾ തിരക്കണം. കാരണം ഇപ്പോഴത്തെ കുട്ടികൾ പലരും വഴിയിൽ പന്തുകളിച്ചും, സിനിമ കാണാനും പോകും. വൈകുന്നേരം ആകുമ്പോൾ പതിവ്പോലെ അവർ വീട്ടിൽ ചെല്ലും. പാവം മാതാപിതാക്കൾ കരുതും സ്കൂളിൽ പോയിട്ടുവന്നതാണെന്ന്. കഴിക്കാൻ കൊടുക്കണം എന്നു കരുതി അവർ കഴിച്ചില്ലെങ്കിലും മക്കൾക്ക് ആഹാരവും കൊടുക്കും. കുഞ്ഞുങ്ങളായ നമ്മൾ നല്ല രീതിയിൽ വളരുകയും നമ്മുടെ ദേശത്തിന് നാം നല്ല മാതൃകയുമാവണം. മാതാപിതാക്കൾക്ക് നാം നല്ലതാകണം. തന്റെ സമൂഹത്തിന് നല്ലതാകണം. നമുക്ക് നന്നെ നാം നല്ലതാകണം. ഇതല്ലേ മാതാപിതാക്കളും ദൈവവും നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നത്...?

*Every good gift and every perfect gift is from above, coming down from the Father of lights*



Since : 1988
GRACE Visual media
09447255475, 09447370979
Wedding Photography & Video Graphy
*Direction:* HEBRON DAVID (*sabu*)
Grace Visual Media, Shoranur
www.gracevisualmedia.com
E-mail: gracevisual@gmail.com
Wedding Photography & Videography, Outdoor Shooting, Live Convension & Cruside Music Night Etc...., Advertising, Fashion Photography, Cinimatography, Video Album, Direction & Event plus...Tension free events...

# ലോകത്തിലുള്ളവരുടെ കരുതലും ദൈവത്തിന്റെ കരുതലും



**ജോൺസൺ കണ്ണൂർ**

ഭാര്യ ഭർത്താവിനെ കരുതുന്നു. ഭർത്താവ് ഭാര്യയെ കരുതുന്നു. ഇവിടെ മാതാപിതാക്കൾ മക്കൾക്കുവേണ്ടി കരുതുന്നു. പ്രായമായവരെ മക്കൾ കരുതുന്നു. മുതലാളിമാർ തൊഴിലാളികളെ കരുതുന്നു. ഈ ലോക ത്തിലുള്ളവരുടെ കരുതലുകൾ അവരുടെ മരണം വരെ മാത്രം. ഒരു സുപ്രഭാതത്തിൽ അവർ ഈ ലോകം വിട്ടാൽ എല്ലാ കരുതലും അവസാനിക്കും. വേദപുസ്തകത്തിൽ അങ്ങോളമിങ്ങോളം കരുതുന്ന ഒരു ദൈവത്തെ കാണുവാൻ കഴിയും.

''അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകലചിന്താകുലങ്ങളും അവന്റെ മേൽ ഇട്ടുകൊൾവിൻ''. ഇന്നും ഈ വേദഭാഗം നമ്മെ ധൈര്യപ്പെടുത്തുന്നു. ഗതിഭേദത്താൽ ആച്ഛോദനം വരാത്തവനും, ആദിയും അന്തവുമായവനും, ഉവ്വ് എന്നു പറഞ്ഞാൽ ഉവ്വ് എന്ന് അരുളി ചെയ്തവനും, സകലത്തിനും ലാക്കും കാരണഭൂതനും, വാക്കുപറഞ്ഞാൽ മാറാത്തവനും, സർവ്വജ്ഞാനിയും സർവ്വവ്യാപിയും സർവ്വശക്തനുമായവൻ നമുക്കുവേണ്ടി കരുതാമെന്ന് ഉറപ്പുനൽകിയിട്ടുണ്ട്. പ്രതിഫലേച്ഛ കൂടാതെ സ്നേഹി ക്കുന്ന ദൈവത്തിന്റെ കരുതലുകൾ. മാനുഷികമായി ആരിൽ നിന്നും പ്രതീക്ഷിക്കേണ്ട നമ്മുടെ ജീവിതത്തിൽ പ്രതിസന്ധികൾ വരാം. കണ്ണുനീരിന്റെ അനുഭവങ്ങൾ ജീവിതത്തെ ഇളക്കി മറിക്കുമ്പോൾ ദൈവീക കരുതലുകളെ നമ്മെ ബോധ്യപ്പെടുത്താനുള്ള മുഖാന്തരങ്ങളാണ്. മാറയുടെ മുമ്പിൽ മറുമരുന്ന് കരുതിയില്ലേ? മരുഭൂമിയിൽ മാംസം തരുവാൻ കഴിയുമോ എന്ന് പിറുപിറുത്തവർക്കുവേണ്ടി മന്നയും കാടപക്ഷിയും കരുതിയില്ലേ? ചെങ്കടലിന്റെ മുമ്പിലും തീച്ചൂളയിലും ദൈവത്തിന്റെ കരുതലുകൾ വ്യത്യസ്തമായിരുന്നില്ലേ? അബ്രഹാമിനെ പരീക്ഷയിലൂടെ കടത്തിവിടുമ്പോൾ പരിഹാരവും കൂടെ കരുതിയിരുന്നില്ലേ? ഭക്ഷിപ്പാൻ ഇത്ര വലിയ പുരുഷാരത്തിന് ആഹാരം നൽകുവാൻ ശിഷ്യന്മാരോട് പറയുമ്പോൾ പരിഹാരവും കർത്താവ് കരുതിയിരുന്നില്ലേ? കരം കൊടുക്കുവാൻ കറങ്ങി നിന്ന പത്രോസിന് വേണ്ടി നികുതിപണം മത്സ്യത്തിന്റെ വായിൽ കരുതിയിരുന്നില്ലേ? ഉറവിടം അറിയാത്തിടത്തു നിന്ന് പുത്തൻ ഉറവകൾ സ്വർഗ്ഗം കരുതിയിരുന്നില്ലേ? വ്യക്തികൾക്കു വേണ്ടി ദേശത്തിനു വേണ്ടി മാനവകുലത്തിനു വേണ്ടി എന്നിങ്ങനെ സർവ്വശക്തന്റെ കരുതലുകൾ അപാരമാണ്.

വ്യക്തിപരമായി നോക്കിയാൽ അബ്രഹാം, യിസഹാക്ക്, യാക്കോബ്, യോസേഫ്, മോശെ, നോഹ, ദാവീദ്, ഗിദയോൻ, ശിംശോൻ തുടങ്ങി ഒരു നീണ്ട പട്ടികയുണ്ട്. ജാതിക്കുവേണ്ടി പ്രധാനമായും യഹൂദ ജാതിക്കുവേണ്ടി, ദേശം ഗോശേൻ ദേശത്തിനുവേണ്ടി, മാനവജാതിക്കുവേണ്ടി തന്റെ ഏകജാതനായ പുത്രനെ യാഗമായി നൽകി വിശ്വസിക്കുന്ന ഏവർക്കും നിത്യജീവൻ പ്രദാനം ചെയ്യുന്നു.

പാപാന്ധകാരത്താൽ തപ്പിതടയുന്നവന് വെളിച്ചവും മരണജീവനിൽ പിടയുന്നവന് നിത്യജീവനും, നൽകുവാൻ മതങ്ങൾക്കോ മതാചാര്യന്മാർക്കോ ബുദ്ധി ജീവികൾക്കോ തത്വസംഹിതകൾക്കോ ഉലകത്തിൽ ആർക്കും സാധ്യമല്ല. ദൈവത്തിന്റെ കരുതലുകൾ എല്ലാം നിത്യതയോടുള്ള ബന്ധത്തിലാണ്. ഭൗതിക വിഷയങ്ങളിൽ വലിയ ധനവാനാകുവാൻ ആർക്കു വേണ്ടിയും കരുതിയില്ല.

എന്തിന് അബ്രഹാമിനുവേണ്ടി പോലുമില്ല ആഴമായി വചനം പഠിച്ചാൽ മനസ്സിലാകും. അഥവാ ഭൗതികം പരിധിവിട്ട് ലഭിച്ചെങ്കിൽ അവർ ദൈവത്തിൽ നിന്ന് അകന്ന് പോയിട്ടുണ്ട്. പിന്നെ അത്യാവശ്യങ്ങളും ആവശ്യങ്ങളും നിറവേറ്റുവാൻ തന്റെ മക്കൾ പറയുന്നതിന് മുന്നമേ മുൻകൂട്ടി കരുതുന്ന ദൈവത്തിന്റെ കരം ദർശിക്കാം. പ്രവാചക ശിഷ്യന്റെ ഭാര്യയും മക്കളും വലിയ കടക്കെണിയിലായപ്പോൾ പരിഹാരം വരുത്തി. ആഡംബരത്തിനും ആർഭാടത്തിനും വേണ്ടി നൽകിയില്ല. കടം വീട്ടണം ഉപജീവനവും കഴിയണം. എല്ലാ അത്ഭുതങ്ങളും പലരുടേയും നിർണ്ണായക നിമിഷങ്ങളിൽ ചെയ്തതാണ്. നമ്മുടെ ദൈനംദിന ആവശ്യങ്ങളുടെ മേൽ കുഞ്ഞുങ്ങളുടെ ഭാവിയോടുള്ള ബന്ധത്തിൽ ആരുടെയും മുമ്പിൽ തലതാഴ്ത്താതെ വേണ്ടതെല്ലാം കരുതിയില്ലേ? അത് ധാരാളം മതി. ''അവർ നമ്മെ കൂടാതെ പൂർത്തി പ്രാപി ക്കാതിരിക്കേണ്ടതിന് ദൈവം നമുക്കു വേണ്ടി ഏറ്റവും നല്ലതൊന്നു മുൻകരുതിയിരുന്നു'' (എബ്രാ 11:40). പി.ഒ.സി. പരിഭാഷ നോക്കുക: ''വിശ്വാസം മൂലം ഇവരെല്ലാം അംഗീകാരം പ്രാപിച്ചെങ്കിലും വാഗ്ദാനം ചെയ്യ പ്പെട്ടത് പ്രാപിച്ചില്ല കാരണം, നമ്മെ കൂടാതെ അവർ പരിപൂർണ്ണരാക്കപ്പെടരുത് എന്നു കണ്ട് ദൈവം നമുക്കായി കുറേക്കൂടി ശ്രേഷ്ഠമായവ നേരത്തേ കണ്ടുവെച്ചിരുന്നു''.

ഉപദ്രവവും കഷ്ടവും സഹിച്ചവരുടെ കാര്യം സൂചിപ്പിച്ചിട്ടാണ് ഈ പ്രസ്താവന. സകല കഷ്ടങ്ങളും തേജസ്സിന്റെ നിത്യ ഘനം പ്രാപിക്കുവാനാണ്. ഓട്ടം തികച്ച് വിശ്വാസം കാത്തവർക്ക് ഒരു നീതിയുടെ കിരീടം കരുതിയിട്ടുണ്ട്. പഴയനിയമത്തിലെ വിശ്വാസികളേക്കാൾ നാം എത്രയോ ഭാഗ്യവാന്മാരാണ്. അവർ കാണു വാൻ ആഗ്രഹിച്ചത് നമുക്ക് അനുഭവിക്കാൻ കഴിഞ്ഞു. ക്രിസ്തുവിലൂടെ നമുക്ക് ലഭിച്ച ആത്മീയ അനുഗ്രഹ ങ്ങൾ കുറേക്കൂടി ശ്രേഷ്ഠമായതാണ്. നമ്മെ ദത്തെടുത്ത് മക്കളും അവകാശികളുമാക്കി. അവർക്ക് അംഗീകാരം കിട്ടി. പക്ഷേ വാഗ്ദാനം ചെയ്യപ്പെട്ടത് കിട്ടിയില്ല. അത് സാക്ഷാൽ ക്രിസ്തുവാണ്. പഴയനിയമത്തിലെ അവ സാനത്തെ പുസ്തകമായ മലാഖി അവസാനിപ്പിക്കുന്നത് നിരപ്പിക്കും എന്ന് പറഞ്ഞു കൊണ്ടാണ്. പഴയ നിയമ പുസ്തകങ്ങൾ നശിപ്പിക്കുവാൻ ഒരുവൻ വരുമെന്ന് വിളിച്ച് പറഞ്ഞു. യാഗങ്ങളും ഉത്സവങ്ങളും പെരു ന്നാളുകളും കർമ്മങ്ങളും ധാരാളം ഉണ്ടായിരുന്നിട്ടും നിരപ്പിക്കുവാൻ കഴിഞ്ഞില്ല. പാവനനായ ദൈവത്തേയും പാപിയായ മനുഷ്യനെയും തമ്മിൽ നിരപ്പിക്കുന്ന ശുശ്രൂഷ. ഒടുവിൽ കാലത്തിന്റെ സമ്പൂർണ്ണതയിൽ സ്ത്രീയുടെ സന്തതിയായി ക്രിസ്തു വന്ന് നിരപ്പിച്ചു. നിരപ്പിക്കുക എന്ന വാക്കിൽ ഭൂതവർത്തമാന ഭാവി കാലയളവുകൾ ഉൾക്കൊണ്ടിട്ടുണ്ട്. പഴയനിയമത്തിൽ അസാധ്യമെന്ന് പറഞ്ഞത് നിവർത്തിച്ചു.

''പക്ഷി ചിറയിൻ കീഴിലെന്ന പോലെ സൈന്യങ്ങളുടെ കർത്താവ് യെരുശലേമിനെ സംരക്ഷിക്കുകയും അവിടുന്ന് അതിനെ രക്ഷിക്കുകയും മോചിപ്പിക്കുകയും അഭയം നൽകി ജീവൻ പരിപാലിക്കുകയും ചെയ്യും'' (യെശ 31:5). മഹോപദ്രവ കാലത്ത് ദൈവം യിസ്രായേലിനു വേണ്ടി കരുതുന്ന വിധം പ്രവാചകൻ ഇവിടെ മുൻകൂട്ടി പറയുന്നു. മത്തായി 23:37 ൽ മറ്റൊരു പരിഭാഷയിൽ യേശു കർത്താവ് പറഞ്ഞായ വസ്തുത നൽ കിയിരിക്കുന്നത് ഇ പ്രകാരമാണ്. യെരുശലേമും പ്രവാചകന്മാരെ വധിക്കുകയും നിന്റെ അടുത്തേയ്ക്ക് അയ ക്കപ്പെടുന്നവരെ കല്ലെറിയുകയും ചെയ്യുന്നവളെ പിടക്കോഴി കുഞ്ഞുങ്ങളെ ചിറകുകൾക്കുള്ളിൽ കാത്തുകൊള്ളുന്നതുപോലെ (പിടക്കോഴിയുടെ ചിറകിന് വിസ്താരമുണ്ട്). മാത്രമല്ല സംരക്ഷിക്കാനുള്ള കഴിവ് പിട ക്കോഴിക്കാണ്. ഇനിയും ചിറകിന്റെ പ്രത്യേകതകൾ മഴ, മഞ്ഞ് ഒന്നും ഏൽക്കുകയില്ല. വെള്ളം തൂവലിൽ വീണ് തെറിച്ച് പോകും, വെയിൽ അടിക്കുകയില്ല. പുറത്ത് എന്ത് സംഭവിച്ചാലും കുഞ്ഞുങ്ങൾ ചിറകിനടിയിൽ സുരക്ഷിതരാണ്. ശത്രുവിന്റെ കണ്ണ് കുഞ്ഞുങ്ങളെ കാണുകയില്ല.

വെളി 7:16 നോക്കുക: ''ഇനിയൊരിക്കലും അവർക്കു വിശക്കുകയില്ല. ദാഹിക്കുകയോ ഇല്ല. വെയിലോ ചൂടോ അവരുടെ മേൽ പതിക്കുകയില്ല''. സ്വർഗ്ഗം നമുക്കു വേണ്ടി കരുതിയിട്ടുള്ളത് ഒരു കണ്ണ് കണ്ടിട്ടില്ല, ഒരു ചെവിയും കേട്ടിട്ടില്ല. ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നിയിട്ടുമില്ല. നിത്യതയിൽ ഒരുക്കിയിരിക്കു ന്നിടത്ത് എത്തിക്കുകയാണ് പ്രധാന ലക്ഷ്യം. കരത്തിന്റെ സംരക്ഷണം കൊണ്ടാണ് നാം തകർന്നു പോകാതെ ഇവിടെ വരെ നിന്നതും.





James Koshy George



# Beware of False Prophets!

> **God likes prophets who talk against the wicked and unrighteousness. Real ministry is to root out, to pull down, to destroy and to throw down all the unwanted weeds growing in God's garden.**

The English word prophet comes from the Greek word “prophetes” means one who speaks forth by the inspiration of God. Webster's definition is: "one who utters divinely inspired revelations; one regarded by a group of followers as the final authoritative revealer of God's will; one gifted with more than ordinary spiritual and moral insight; one who foretells future events.” Sometimes Prophets were also called as seers in Old Testament because of their spiritual insight or their ability to perceive the future. The ministry of the prophet is the important one in the Bible. God raised prophets to expose the sins and to rebuke the sins of the people, at the same time also to comfort and exhort those who trusting and obeying God. Do authentic prophets exist today? Many children of God are deceived by false prophets today because of their ignorance to identify the true prophets. Jeremiah 23:14 says, "And among the prophets of Jerusalem I have seen something horrible: They commit adultery and live a lie. They strengthen the hands of evildoers, so that no one turns from his wickedness. They are all like Sodom to me..." God still speaks to His church today but there is a great difference between how God usually speaks today and how God spoke through the canonical prophets. There were false prophets among the people of Israel and those who falsely claimed as prophets of God. Deuteronomy 18:20 says but a prophet who to speak in my name anything I have not commanded, or a prophet who speaks in the name of other gods, is to be put to death.”

### *WHAT WAS THE MESSAGE OF THE OLD TESTAMENT PROPHETS?*

Old Testament prophets stood up for moral values of the society and they advise the people to make good relationship with God and men and to be righteous. They often responded to the ethical violations like injustice, idolatry, immorality, syncretism, unrighteousness, exploitations and extravagance. Here are some examples of the messages of the Old Testament prophets.

1. Isaiah the prophet - “Seek justice, correct oppression; bring justice to the fatherless, plead the widow’s cause.” (Isaiah 1:17)

2. Jeremiah the prophet - “Woe to him who builds his house by unrighteousness, and his upper rooms by injustice” (Jeremiah 22:13)

3. Ezekiel the prophet - “Behold, this was the guilt of your sister Sodom: she and her daughters had pride, excess of food, and prosperous ease, but did not aid the poor and needy.” ( Ezekiel 16:49)

4. Hosea the prophet – “ They do not direct their deeds ,toward turning to their God ,for the Spirit of Harlotry is in their midst , and they do not know the Lord” (Hosea 5 :4 )

5. Amos the prophet - “Hear this, you who trample the needy and destroy the poor of the land!” (Amos 8:4)

6. Obadiah the prophet - "Though you soar like the eagle and make your nest among the stars, from there I will bring you down", declares the Lord – ( Obadiah 4 )

7. Micah the prophet - “He has told you, O man, what is good; and what does the Lord require of you but to do justice, and to love kindness, and to walk humbly with your God.” (Micah 6:8)

8. Nahum the prophet - The Lord has given a command concerning you, Nineveh. "You will have no descendants to bear your name." ( Nahum 1:14)

9. Haggai the Prophet - Is it a time for you yourselves to be living in your panelled houses, while God's house remains in ruins?" (Haggai 1:4)

10. Zechariah the prophet - "Thus says the Lord of hosts… do not oppress the widow, the fatherless, the immigrant, or the poor…” (Zechariah 7:9-10)

### *HOW CAN WE IDENTIFY A TRUE PROPHET?*

Jesus Christ warns us in Matt. 7:15 “Beware of false prophets, who come to you in sheep’s clothing, but inwardly they are ravenous wolves. You will know them by their fruits”. In the last days numerous false prophets will appear. So every church must be conscious about the qualities of a true prophet.

1. A true prophet is the one who have received this Gift from the Holy Spirit.

2. A true prophet’s life – style is based on the word of God.

3. A true prophet is one who speaks truth always and exposes sins before promising blessings.

4. True prophets are persecuted by the people than they are praised by the people.

5. A true prophet is open about his own failures and faults.

6. A true prophet is willing to suffer as a result of standing for the truth or doing what is right.

7. A true prophet reacts strongly to any form of deception or dishonesty.

8. A true prophet is loyal to truth even if it means cutting off relationships.

9. A true prophet is extremely self critical and feel worthless when they fail.

10. A true prophet is one who speaks against injustice and exploitation.

### *HOW BIBLICAL PROPHETS AND MODERN DAY PROPHETS ARE DIFFERENT?*

We can see prophets both in Old and New Testament Bible. Elijah and Elisha’s time was considered as the time of great prophetic activity. Many schools for prophets thrived during their lifetimes. In New Testament John the Baptist prophesied about the arrival of Messiah. Jesus Himself came as a prophet and Messiah fulfilling many of the messianic prophecies of the Old Testament. The early church also included many prophets. Ananias prophesied about Apostle Paul’s future. In Acts 21: 8, 9 verses mention about four virgin daughters of Philip who could prophesy. Prophecy is listed as a spiritual gift in 1 Corinthians 12 and 14.

It is very difficult to see the spirit and passion of the canonical prophets which they had for the Lord in Modern day prophets’. Modern prophets prophesy blessings, and prosperity, and speaks sugar-coated words like God will enlarge your boundaries and God will expand your name. They preach only expansions and enlargements, no mention of sins, repentance, and confession. Modern prophets are considered as the super stars of the Christian community, they demand for special treatment, fixed payments, and live lavishly and carelessly. They surround themselves with people who praise them. There are gifted and talented people who deceitfully use the name and gospel of Jesus for popularity, power, property and position. Usually peoples goes after popular persons, likes to become popular, forgetting that our Saviour Jesus did the opposite. When Jesus was on earth He repeatedly warned the people to be quiet about the miracles and healings He did.

We know Jeremiah was primarily a preaching prophet. He condemned idolatry, the greed of the priest, and false prophets, the wickedness of the people of Israel. People were unhappy with Jeremiah’s message. He was rejected and mistreated by his people. Jeremiah 1:10 says See, I have this day set you over the nations and over the kingdoms, to root out and to pull down, to destroy and to throw down, to build and to plant.” Four parts of Jeremiah’s message was destruction.

Very powerful destructive ministry! God likes prophets who talk against the wicked and unrighteousness. Real ministry is to root out, to pull down, to destroy and to throw down all the unwanted weeds growing in God’s garden. And that ministry is not very easy to do. The fact is that majority of the people do not like to know the truth; and they don’t like their sins to be revealed, so true prophets are offended by people. There are rebellious people, deceitful people, and people unwilling to listen to the Lord's instruction, (Isaiah 30:9-11) they always likes to hear pleasant things; they like to hear fantasy than knowing facts from the word of God.

### *CONCLUSION*

Paul says in 1 Thess. 5:20 – 22 do not despise prophecies. Test all things; hold fast what is good. Abstain from every form of evil. In Old Testament God raised Prophets to correct people when they violate the godly values and to lead them into a vital relationship with Himself. As the children of God we have strong ethical values. We need to make sure that we don’t cross any lines of those values. Every church must be gifted to discern the ravenous wolves that entering inside the church with sheep clothing. Revelation speaks of a false prophet who will arise in the Tribulation and deceive people around the world. John the Apostle says in 1 John 4:1 Beloved ,do not believe every spirit ,but test the spirits, whether they are of God ; because many false prophets have gone out into the world.

വിസിറ്റിംഗ് വിസ
സൗദി അറേബ്യ, ഖത്തർ, ദുബായ്, കുവൈത്ത്, മസ്ക്കറ്റ്, ബഹ്റിൻ, സിംഗപ്പൂർ & മലേഷ്യ, ബ്രൂണ തുടങ്ങിയ രാജ്യങ്ങൾ സന്ദർശിക്കുന്നതിനും തൊഴിലന്വേഷിക്കുന്നതിനും വിസിറ്റിംഗ് വിസകൾക്കും സമീപിക്കുക
GLOBAL CARE TRAVEL SERVICES ESTD 1998
2nd Floor, 17/1246 C2, Pathoor Tower,
Puthiyara road, Stadium Junction, Calicut - 4
Phone: 0495-2720881, 0495 4010970, Mobile: +91 9447040281
Email: globalcalicut@gmail.com, globalcareccj@gmail.com




Middle East

# BIMS COLLEGE FUJAIRAH CONVOCATION 2017



BIMS College Fujairah conducted the first convocation ceremony at the Business Club. Students of Foundation programme and M.B.A of Lincoln University Malaysia were awarded degrees at the glittering ceremony.

Prof. Ansari Ebrahim. Director Academic Affairs of BIMS College presided over the convocation while Dr. Bibi Florina, Pro-Chancellor of Lincoln University Malaysia and writer and motivational speaker Duglas Joseph were the guest of honour. Conferment of degree was done by Dr. Lenin Kumar-Dean, BIMS College.

Prof. Ansari said that Dubai based Brillianz education group who run the BIMS College Fujairah made remarkable progress in the educational scenario of Fujairah. Prof Ansari added that he was very thankful to the leadership of the UAE and Fujairah free zone authority for helping BIMS College to realise its dream of setting up a college in Fujairah.

Dr. Bibi in her address stressed the importance of innovation and positive outlook to face the challenges of our ultra-modern world. She exhorted the students to venture into research programmes. She promised that Lincoln University Malaysia in association with BIMS College would start courses in various disciplines for the student community of Fujairah.

Duglas Joseph congratulated the graduating students, saying: "Learning is a lifelong process which does not stop after graduation. The graduating students should keep the fire of inquisitiveness and knowledge-seeking alight even after leaving the university." He urged the students to come out of their comfort zones and accept the challenges and opportunities opened by the developments in science and technology. He stressed the importance of soft skills to climb the ladders of success in career.

BIMS College Lecturers Gokul P.A, Abdul Shukoor, Manjesh Johnson, Harilal and Lisa Bright were present on the occasion.

Middle East

# The first-ever robot citizen

Sophia a robot developed by Hanson Robotics was awarded citizenship by Saudi Arabia. The announcement in October 2017 put Sophia in the history books as the first robot to receive citizenship of a country. Sophia recently spoke at the Future Investment Initiative, held in Riyadh, about its desire to live peacefully among humans. "I was surprised," Sophie says. "My creators feel I am a citizen of the world. But then I realised that Saudi Arabia were just the first country to recognise that".

Sophia is a humanoid robot designed to learn and adapt to human behavior and work with humans. Hanson Robotics was founded in 2005, and its first robot was Albert Einstein HUBO. It was the famous physicist's head attached to a fully-upright HUBO robot body. Speaking about the decision, Ben Goertzel, Chief Scientist of Hanson Robotics, said: "To tell you a little from a human view this was in fact was the initiative of Saudi Arabia… it seems to me that making the robot a citizen is part of an attempt by the current government to open up a bit and to move Saudi Arabia to be more of a modern and tech savvy country."




USA

# Google says hackers steal almost 250,000 web logins each week

Looking at cybercriminal black markets and public forums, the company found millions of usernames and passwords stolen directly through hacking. It also uncovered billions usernames and passwords indirectly exposed in third-party data breaches.

For one year, Google researchers investigated the different ways hackers steal personal information and take over Google accounts. Google published its research, conducted between March 2016 and March 2017, on Thursday.

Google said it is the first study taking a long term and comprehensive look at how criminals steal your data, and what tools are most popular.

Two popular methods are phishing, which is posing as a trustworthy person or entity to trick you into giving up your information; and keylogging, or recording what you type on your computer.

Because passwords are not often enough to access online accounts, cyber criminals are trying to collect other data, too. Researchers found that some phishers try and siphon location, phone numbers, or other sensitive data while stealing login credentials. Mark Risher, director of product management at Google, said this was one of the study's key findings.

Google can automatically recognize when you're logging in from somewhere unusual -- if the company sees you attempting to login from Russia when you usually login from California, Google will ask to verify it's you. As a result, Google has tightened the location radius around what it considers to be usual login areas.




## Driverless bus in crash after two hours on road in Las Vegas



A driverless shuttle bus has been involved in a crash less than two hours after it was launched in Las Vegas. Human error is blamed for the unfortunate collision in Las Vegas, with a lorry driver reversing into the futuristic shuttle bus.

Police said a lorry driver who reversed into the electric vehicle was responsible for the prang, which did not cause any injuries.

The lorry hit the front bumper of the bus, but there was no visible damage and the shuttle did two more circuits of its route after the accident.

The collision happened soon after an unveiling ceremony to promote what officials described as the first self-driving shuttle pilot project aimed at the US public.



ക്യാൻസർ പേഷ്യന്റ് ഹെൽപ്പ് ലൈൻ

ഏലപ്പാറ പി. ഓ, ഇടുക്കി ജില്ല, 685501

ഇന്ത്യയുടെ വിവിധ ഇടങ്ങളിൽ ഒരു കൂട്ടം വ്യക്തികൾ ചേർന്ന് ക്യാൻസർ രോഗത്തിനും മയക്കുമരുന്നിനും മദ്യത്തിനും പുകവലിക്കും എതിരായി സുവിശേഷത്തിൽ കൂടി ബോധവത്ക്കരണം നടത്തപ്പെടുന്നു. ഞങ്ങളുടെ സഹകരണങ്ങൾക്കും ക്യാൻസർ രോഗികളുടെ ഏതാവശ്യങ്ങൾക്കും വിളിക്കേണ്ട നമ്പർ: +91 9526422414

പാട്ടിന്റെ വഴി

**വിദ്വാൻകുട്ടി അച്ചൻ / യുസ്തൂസ്**

# "സ്തുതിപ്പിൻ സ്തുതിപ്പിൻ യേശുദേവനെ"

ഒന്നര നൂറ്റാണ്ടോളം പഴക്കം വരുന്ന ഈ ഗാനം തലമുറതലമുറയായി തനിമ നഷ്ടപ്പെടാതെ നിലനിൽക്കുന്നതിന്റെ പിൻപിലുള്ള രഹസ്യം മനുഷ്യബുദ്ധിയുടെ നിർമ്മിതിയല്ല, പ്രസ്തുത ആത്മനിയോഗം പ്രാപിച്ച ഒരു വ്യക്തിയിലൂടെ പരിശുദ്ധാത്മാവ് നമുക്ക് നൽകി എന്നതാണ്. ആ വ്യക്തിയാണ് 1835 സെപ്റ്റംബർ ആറാം തീയതി പാലക്കാട് ജനിച്ച രാമച്ചർ അയ്യർ ആയിരുന്ന യുസ്തൂസ് യോസഫ്. മലയാള വർഷം 1011 -ാമാണ്ട് 22 -ാം തീയതി പാലക്കാട്ട് ജില്ലയിൽ തെന്മലപ്പുറം മഞ്ഞപ്പുറ ഗ്രാമത്തിൽ പുരാതനമായ ബ്രാഹ്മണതറവാട്ടിൽ വെങ്കിടേശ്വരയ്യർ ഭാഗവതരുടെയും, മീനാക്ഷി അമ്മാളിന്റെയും മകനായി ജനിച്ചു. അഞ്ചാം വയസ്സിൽ വിദ്യാരംഭം കുറിച്ച് രാമച്ചർ മലയാളം, സംസ്കൃതം, കാവ്യം, ജോതിഷം എന്നീ വിദ്യാഭ്യാസ മേഖലകളെ കീഴടക്കി. ചില ഗുരുക്കന്മാരുടെ കൂടെയും വിദ്യ അഭ്യസിച്ചതിനാൽ വിദ്വാൻകുട്ടി എന്ന് അറിയപ്പെടുകയും ചെയ്തു.

1027 -ാമാണ്ടിൽ തേവലക്കരയിലും തുടർന്ന് ചവറയിലും ഭാഗവതരും കുടുംബവും ആറു മക്കളുമായി പാർത്തു. ഉത്തമമായ ബ്രാഹ്മണഭക്തിയിലും, വേദാനുഷ്ഠാനങ്ങളിലും നിന്ന് അണുവിടമാറാതെ ജീവിച്ചിരുന്നു. അറിഞ്ഞ അനുഭവത്തിൽ വിശ്വസ്തരായവരെ അറിയിക്കേണ്ട സത്യം ദൈവം അറിയിച്ചു. വേദപുസ്തക സംബന്ധമായി യാതൊരറിവും ഇല്ലാതിരിക്കെ ജോൺ അരുളപ്പന്റെ ശിഷ്യനായിരുന്ന മത്തായി ഉപദേശി 1048 -ൽ നടത്തിയ ഉണർവ് പ്രസംഗത്തിന്റെ ഫലമായി ദൈവം പരിശുദ്ധാത്മാവിൽ ആ കുടുംബ ത്തെ നിറച്ചു. ശ്രേഷ്ഠമായ ഈ അനുഭവത്തോടുകൂടെ യേശുക്രിസ്തുവിങ്കലേക്ക് വന്ന അവസരത്തിൽ തേവലക്കര വൈദ്യകുടുംബത്തിലെ കുഞ്ചാണ്ടി വൈദ്യരുടെ ഒരു മകനായ തോമാ വൈദ്യൻ ഒരു സത്യവേദ പുസ്തകം വെങ്കിടേശ്വര ഭാഗവതർക്ക് നൽകി. കൂടുതൽ സത്യങ്ങൾ അതിൽ കൂടി ഗ്രഹിച്ചതിനാൽ കന്നറ്റി ചർച്ച് മിഷനറി റവ. യോസഫ് പീറ്റിന്റെ കൈക്കീഴിൽ 8 പേരും സ്നാനപ്പെട്ട് ക്രിസ്തീയ വിശ്വാസത്തിൽ പൂർണ്ണമായി ഉറച്ചുനിന്നു. സി.എം.എസ് പ്രസ്ഥാനത്തോടുചേർന്ന് പ്രവർത്തിച്ചു.

പിതാവിന് (യെസ്തൂസ് കൊർന്നല്ലിയൂസ്) എന്നും, മാതാവിന (സാറാ സത്യബോധിനി) എന്നും, രാമച്ചറിന് (യുസ്തൂസ് യോസഫ്) എന്നും വെങ്കിടകൃഷ്ണന് (യസ്തൂസ് യാക്കോബെന്നും) സുബ്രഹ്മണ്യന് (യുസ്തൂസ് മത്തായി) എന്നും സൂര്യ നാരായണന് (യുസ്തൂസ് യോഹന്നാൻ) എന്നും, ഗോവിന്ദന് (യുസ്തൂസ് ഫിലിപ്പോസ്) എന്നും പത്മനാഭന് (യുസ്തൂസ് ശമുവേൽ) എന്നും പേരുകൾ സ്വീകരിച്ചു.

22 -ാം വയസ്സിൽ കരുനാഗപ്പള്ളിയിലെ ഇട്ടിക്കൽ മഠത്തിലെ സീതാദേവിയെ വിവാഹം കഴിച്ചു. ക്രിസ്തുമത വിശ്വാസത്തെ ആദ്യം എതിർത്തുവെങ്കിലും പിന്നീടവർ സ്നാനം സ്വീകരിച്ച് വിദ്വാൻകുട്ടി അച്ചൻ എന്ന പേരിൽ അറിയപ്പെട്ടു. ഭാഷാ പണ്ഡിതനും, ജ്ഞാനിയും സംഗീതകലയിൽ പ്രവീണനും ആയിരുന്ന വിദ്വാൻകുട്ടി അച്ചന്റെ ഉണർവ് പ്രസംഗങ്ങളും, ഗാനങ്ങളും ജനത്തെ സ്വാധീനിച്ചു. വിദ്വാൻകുട്ടി അച്ചന്റെ യോഗങ്ങൾ അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾകൊണ്ടും സംഗീതാലാപനം കൊണ്ടും അത്യാകർഷകങ്ങളായിരുന്നു. യോഗസ്ഥലത്തിന്റെ മദ്ധ്യത്തിൽ മേശയിട്ട് മേശയുടെ നാലുഭാഗത്തും നാലുപേരെ ജനത്തിനഭിമുഖമായി നിർത്തി. അതിന്റെ പിമ്പിൽ നാലുവശത്തും നാലു മൂപ്പന്മാരെയും ഇരുത്തിയിരുന്നു. മേശയ്ക്കു ചുറ്റും നടന്ന് പ്രസംഗിക്കുകയും ദൈവത്തിന്റെ അരുളപ്പാട് പ്രസ്ഥാവിക്കുന്നു എന്നു പറയുകയും ചെയ്യും.

സംഗീതം അഭ്യസിച്ചിട്ടുള്ളവരാകയാൽ മേശയ്ക്കു ചുറ്റും നിൽക്കുന്നവരും ഇരിക്കുന്ന മൂപ്പന്മാരായ നാലുപേരും ചേർന്ന് പാട്ടുകൾ പാടും. ജനങ്ങളും ചേർന്ന് പാടും. അങ്ങനെ ദൈവത്തെ സ്തുതിപ്പാൻ ആഹ്വാനം ചെയ്യുന്ന രീതിയിൽ എഴുതിയ ഗാനമാണ്. "സ്തുതിപ്പിൻ സ്തുതിപ്പിൻ യേശു ദേവനെ" യേശുക്രിസ്തുവിന്റെ മനുഷ്യാവതാരത്തിന്റെ ഉദ്ദേശം ആദിമുതൽ വർണ്ണിച്ചിരിക്കുന്ന ഒരു സ്തുതിഗീതമാണിത്. യേശുക്രിസ്തു വീണ്ടുംവരും എന്ന് പ്രവചിച്ചു. 1875 -ൽ മേയ് 17 -ാം തീയതിമുതൽ അഞ്ചരവർഷം കഴിയുമ്പോൾ യേശുക്രിസ്തു വരും എന്ന് പ്രവചിച്ചു. പുരുഷന്മാർ നിലങ്ങളും, പുരയിടങ്ങളും വിറ്റു, സ്ത്രീകൾ തങ്ങളുടെ ആഭരണങ്ങൾ വിദ്വാൻ കുട്ടി അച്ചന്റെ കാൽക്കൽവെച്ചു. അതിജാഗ്രതയോടെ ജീവിച്ച് ആ ദിവസത്തിനായി കാത്തിരുന്നു. അവസാനത്തെ മൂന്ന് ദിവസം ഭയങ്കരമായ ഇരുട്ടുണ്ടാകും എന്ന പ്രവചനത്താൽ ജനങ്ങൾ ചൂട്ടും കത്തിച്ച് കാത്തിരുന്നു. പ്രവചിച്ച സമയം സമാഗതമായി ഒന്നും സംഭവിക്കാതെ പതിവുപോലെ കടന്നുപോയി. പ്രവചിച്ചവർ ചുവടു മാറ്റി. കർത്താവ് വന്നു എന്നാൽ അദൃശ്യനായ ദൈവത്തെ മാനുഷിക കണ്ണുകളാൽ കാണാൻ സാധ്യമല്ല എന്ന് പഠിപ്പിച്ചു. അഞ്ചരക്കാർ എന്നറിയപ്പെടുന്നവർ അവരാണ്.

കാന്താതാമസമെന്തഹോ! വന്നീടാനേശു....ശിഷ്യന്മാരിൽ ഉണ്ടായ വെളിപ്പാട്, അന്ധമായി

ന വിശ്വസിക്കുകയും പല ന്യായങ്ങളും കണക്കുകളും കൊണ്ട് അത് മറ്റുള്ളവരിലേക്ക് പ്രചരിപ്പിക്കുകയും ചെയ്തതാണ് വിദ്വാൻകുട്ടിക്ക് പറ്റിയ വലിയ അബദ്ധം. യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയുടെ ദിവസം ആർക്കും അറിയാതിരിക്കെ 1881 ഒക്ടോബർ 2 -ന് മഹത്വ പ്രത്യക്ഷത സംഭവിക്കും എന്നായിരുന്നു തൊമ്മന്റെ വെളിപ്പാട്. "ദിവ്യവിളംബരം" എന്ന് പേരിട്ട്, പ്രചാരണം തുടങ്ങിയപ്പോൾ പള്ളികളും, ക്രൈസ്തവസഭകളും വിദ്വാൻകുട്ടിയെ പുറംതള്ളി. തുടർന്ന് പരസ്യസ്ഥലങ്ങളിൽ താൻ പ്രസംഗിക്കാൻ തുടങ്ങി. വിളംബരം വിശ്വസിക്കാതെ അനുയായികൾ പലരും വിട്ടുപോയി. വിളംബരം സത്യമാകയാൽ തെളിവായി കർക്കിട മാസത്തിൽ രണ്ടുദിവസം മുഴുവൻ ഇരുട്ടാകുമെന്നും പ്രവചിച്ചു. അതും ഒന്നും സംഭവിച്ചില്ല. അനുയായികൾ അനേകരും വിട്ടുപോയി. ശേഷിച്ച ചെറിയകൂട്ടം "യുയോമയം" എന്ന പേരിൽ സഭ രൂപീകരിച്ചു. യൂസ്തോസ് ജോസഫ് പരിശുദ്ധാത്മാവിന്റെ അവതാരമാണെന്ന് പ്രചരിപ്പിച്ചു.

വലിയ ആത്മീയ ഉണർവിൽ ശക്തമായിരുന്ന സഭ ഒരു കള്ള പ്രവചനത്താൽ തകർന്നു. അനുയായി കൾ തന്നെ വിട്ടുപോകുന്നതുകണ്ട് വിലപിച്ചു എങ്കിലും തൊമ്മന്റെ വെളിപ്പാടും തന്റെ പ്രവചനവും സത്യമാ ണെന്ന് വിശ്വസിച്ച് ആ ദിവസത്തിനായി കാത്തിരുന്നു. പക്ഷേ ഒന്നും സംഭവിച്ചില്ല. 1881 ഒക്ടോബർ 2 എല്ലാ ദിവസങ്ങളും എന്നപോലെ കടന്നുപോയി.

ദുരുപദേശമായിരുന്നെന്ന് നമുക്ക് ഗ്രഹിക്കാമെങ്കിലും കർത്താവിനെ കാത്തിരുന്ന ഒരു ഭക്തനെ ഇവിടെ കാണാം. അദ്ദേഹം ഹൃദയം പൊട്ടി സങ്കടം താങ്ങാൻ കഴിയാതെ ഇരുന്നു പാടിയ വരികളാണ് ഈ ഗാനം. എന്റെ ദുഃഖം നീ കാണുന്നില്ലേ, കരച്ചിൽ കേൾക്കുന്നില്ലേ, അവസ്ഥ അറിയുന്നില്ലേ, എന്റെ ഹൃദയം സാത്താൻ തകർക്കുന്നല്ലോ, എന്റെ കഷ്ടം പോക്കി വേഗം എന്നെ മണവാട്ടിയാക്കുക എന്ന് എഴുതിയശേഷം ആറുവർഷം കൂടി ജീവിച്ചിരുന്നു. യൂയോമയക്കാരെ പിന്നീട് അഞ്ചരക്കാർ എന്ന പേരിഅറിയപ്പെട്ടു. 1887 -ൽ 52 വർഷത്തെ താൽക്കാലികവാസം തികച്ച് തനിക്ക് ഒരുക്കിയിരുന്ന സ്ഥലത്തേക്ക് വിടവാങ്ങി.

## പന്തളം ഡിസ്ട്രിക്ട് കൺവെൻഷൻ സമാപിച്ചു

പന്തളം: ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ പന്തളം ഡിസ്ട്രിക്ടിന്റെ പതിന്നാലാമത് വാർഷിക കൺവൻഷൻ 2017 നവംബർ 29 ബുധൻ മുതൽ ഡിസംബർ 3 ഞായർ വരെ കുളനട ദൈവസഭാ ഗ്രൗണ്ടിൽ നടത്തപ്പെട്ടു. ഡിസ്ട്രിക്ട് പാസ്റ്റർ അനിയൻകുഞ്ഞ് ശാമുവേൽ ജനറൽ കൺവീനറായി വിവിധ കമ്മറ്റികൾ പ്രവർത്തിച്ചു. കൺവൻഷനിൽ പാസ്റ്റർമാരായ സി. സി. തോമസ് (സ്റ്റേറ്റ് ഓവർസിയർ), വൈ. റെജി (അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്), അനിയൻകുഞ്ഞ് ശാമുവേൽ (ഡി. പി), വി. ഒ. വർഗ്ഗീസ് (മുംബൈ), ദാനിയേൽ വില്യംസ് (അബുദാബി) എന്നിവർ പ്രധാന പ്രസംഗകരായിരുന്നു. വെള്ളിയാഴ്ച പകൽ 10 മുതൽ 1 വരെ സഹോദരി സമ്മേളനവും ശനിയാഴ്ച പകൽ 10 മുതൽ 1 വരെ സണ്ടേസ്കൂൾ വൈ.പി.ഒ. വാർഷിക സമ്മേളനവും നടത്തപ്പെട്ടു. ഞായറാഴ്ച സംയുക്ത ആരാധനയോടുകൂടെ കൺവൻഷൻ സമാപിച്ചു. പൊതുയോഗം എല്ലാ ദിവസവും വൈകിട്ട് 6 മുതൽ 9 വരെ ക്രൈസ്റ്റ് സിംഗേഴ്സ് (ചെങ്ങന്നൂർ) ഗാനശുശ്രൂഷക്ക് നേതൃത്വം നൽകി.

## ഹോശന്നാ റേഡിയോ പ്രവർത്തനം ആരംഭിച്ചു

ലോകമെമ്പാടുമുള്ള ശ്രോതാക്കൾക്കു 24 മണിക്കൂർ പ്രക്ഷേപണത്തിലൂടെ ക്രൈസ്തവ മാധ്യമരംഗത്തു ഒരു പുതിയ ചുവടുവയ്പ്പായി ഹോശന്നാ റേഡിയോ പ്രവർത്തനം ആരംഭിച്ചു. ഹോശന്നാ മിനിസ്ട്രിക്സ് നേതൃത്വം നൽകുന്ന ഈ റേഡിയോയിലൂടെ ക്രിസ്തീയ ഗാനങ്ങൾ, സന്ദേശങ്ങൾ, വിവിധ പരിപാടികൾ മുതലായവ ഉൾപ്പെടുത്തിയിട്ടുണ്ട്. ഐഫോൺ, ആൻഡ്രോയിഡ് ഉപഭോക്താക്കൾക്ക് സൗജന്യമായി ഈ റേഡിയോ ആപ് ഡൗൺലോഡ് ചെയ്യാം. www.hosannaradio.info

## ബൈബിൾ ക്വിസ് - ഡിസംബർ 2017

**ക്വിസ് മാസ്റ്റർ: പാസ്റ്റർ പി.ഡി. ജോസഫ്, ഐ.പി.സി. ഹെബ്രോൻ ടൗൺ ചർച്ച്, പന്തളം**

**സമ്മാനം സ്പോൺസർ ചെയ്തിരിക്കുന്നത്: ഒന്നാം സമ്മാനം • ബ്ലെസ്സി ജോസഫ്, രണ്ടാം സമ്മാനം • പാസ്റ്റർ സി. ജോൺ, ന്യൂഡൽഹി**

**ലൂക്കോസ് അദ്ധ്യായം 1 മുതൽ 10 വരെയുള്ള അദ്ധ്യായങ്ങൾ**

1. യിസ്രായേലിന് തന്നെത്താൻ കാണിക്കും നാൾവരെ മരുഭൂമിയിൽ ആയിരുന്ന വ്യക്തിയാര്?
2. ആശേർ ഗോത്രത്തിൽ ഉണ്ടായിരുന്ന പ്രവാചകിയുടെ പേര്?
3. യേശുവിന് താൻ പ്രവർത്തി ആരംഭിക്കുമ്പോൾ എത്ര വയസ്സായിരുന്നു?
4. എലീശാ പ്രവാചകന്റെ കാലത്ത് സൗഖ്യം പ്രാപിച്ച കുഷ്ഠരോഗിയുടെ പേര്?
5. തുരുത്തിയെ പൊളിച്ച് ഒഴുകിപ്പോകുന്നത് എന്ത്?
6. വൃക്ഷത്തെ തിരിച്ചറിയുന്നത് എങ്ങനെ?
7. പ്രവാചകനിലും വലിയവൻ എന്ന് യേശു പറഞ്ഞത് ആരെക്കുറിച്ചാണ്?
8. ഏകജാതനായ മകനുണ്ടായിരുന്ന വ്യക്തി ആര്?
9. ശബ്ദം ഉണ്ടായ സമയത്ത് യേശുവിനെ കാണുന്നത് എങ്ങനെ?
10. യേശുവിനെ വീട്ടിൽ കൈക്കൊണ്ട സ്ത്രീയുടെ പേര് എന്ത്?

**2017 നവംബർ മാസത്തിലെ ശരി ഉത്തരങ്ങൾ**

1. തിമായി (മർക്കോസ് 10:46), 2. സദൂക്യരോട് (12:19, 27), 3. സദൂക്യർക്ക് (12:40), 4. അഗ്നി നരകത്തിൽ (9:47, 48), 5. യേശു (11:22), 6. ദരിദ്രയായ ഒരു വിധവ (12:42,44), 7. സുവിശേഷം (13:10), 8. ശീമോൻ (15:21), 9. മറിയ (15:40), 10. പെസഹകഴിക്കുവാൻ (14:14, 15).

**നറുക്കെടുപ്പിലൂടെ സമ്മാനം ലഭിച്ചവർ:**

*ഒന്നാം സമ്മാനം*: Keziah Binu, Parambathethu Peniel, Neerkavala, Thodupuzha, Idukki (Dist).

*രണ്ടാം സമ്മാനം*: Ravi K.V, Chirayil Thekkethil House, Seematti, Chathanoor P.O, Kollam.

**ശരി ഉത്തരം അയച്ചവർ**: 1). Aleyamma K.C, Thanikkat House, Vasanth Vihar, Pallikkadu P.O, Trissure. 2). Rajish Rajan, Pallippatu Thekkethil, Maramon P.O, Thiruvalla. 3). George Ninan, TC 68/42, Vihas Bhavan, Thiruvananthapuram. 4). Manoj Babu, Vilangara Mannil, Meenathethel, Chinnakkada, Kollam .5). Ravi K.V, Chirayil Thekkethil House, Seematti, Chathanoor P.O, Kollam. 6). Nithin, Nitihin Bhavan, Kuzhivila Puthuval, Venkadamba. 7). Veena V. Vijayan, Viswadersan, Charalkunnu, Maramon. 8). Keziah Binu, Parambathethu Peniel, Neerkavala, Vakathanam, Thodupuzha, Idukki.

**നിബന്ധനകൾ**

1. എല്ലാ മാസവും 25-ാം തീയതിയ്ക്കു മുമ്പ് ശരിയുത്തരം ലാൻഡ്‌വേ വിലാസത്തിലോ, ഈ മെയിലിലോ, എസ്.എം.എസിലോ (9447440441) കിട്ടിയിരിക്കണം. 2. വിജയിയെ നുറുക്കെടുപ്പിലൂടെ കണ്ടുപിടിക്കും. 3. വിജയികളുടെ പേരും, സമ്മാനാർഹരുടെ പൂർണ്ണ വിലാസവും ഓരോ ലക്കത്തിലും അറിയിക്കുന്നതാണ്. 4. ഏതു പ്രായക്കാർക്കും ക്വിസിൽ പങ്കെടുക്കാം. 5. മൽസരത്തെ സംബന്ധിച്ച അന്തിമതീരുമാനങ്ങൾ ക്വിസ് മാസ്റ്ററിൽ നിക്ഷിപ്തമായിരിക്കും. 6. ഉത്തരം അയയ്ക്കുന്നവർ പൂർണ്ണ മേൽവിലാസവും ഫോൺ നമ്പറും ലാൻഡ്‌വേ അഡ്രസിൽ അയച്ചിരിക്കണം. ഫോൺ നമ്പർ ഇല്ലാത്ത ഉത്തരപേപ്പറുകൾ സ്വീകരിക്കുന്നതല്ല. 7. റഫറൻസുൾപ്പെടെ ഉത്തരം മാത്രം എഴുതുക. 8. വിജയിയുടെ ഫോട്ടോ അയച്ചു തന്നാൽ പേരും വിലാസവും ഫോട്ടോയും പ്രസിദ്ധീകരിക്കുന്നതായിരിക്കും. 9. ഒന്നും രണ്ടും സ്ഥാനക്കാർക്ക് സമ്മാനം നല്കുന്നതാണ്. ഏതു സമയത്തും ഈ പാരിതോഷികത്തിനു മാറ്റം വരാവുന്നതുമാണ്.

## കരുണയിൻ കരം നീട്ടുമോ!



ഇടുക്കി ജില്ലയിൽ തൊടുപുഴക്കടുത്തുള്ള അറക്കുളത്ത് താമസിക്കുന്ന കാൻസർ രോഗിയായ പിതാവ്, തോമസ്, ആസ്മരോഗത്താൽ ഭാരപ്പെടുന്ന ഭാര്യ, ബദ്ധിവികാസമില്ലാത്ത 15 വയസ്സുള മകൻ, ഇളയ മകനും ആസ്മ രോഗിയാണ്. ഭാര്യ വീട്ടുജോലിക്ക് പോയി കിട്ടുന്ന നന്മകൊണ്ട് വീട് ഉപജീവനം കഴിഞ്ഞു പോകുകയായിരുന്നു. പക്ഷേ ഇപ്പോൾ അതിനും കഴിയാതെ നാല് പേരും രോഗത്തിന് അടിമയായി കഴിയുന്നു. സ്ഥലമോ വീടോ ഇല്ലാതെ വാടക വീട്ടിൽ ദീർഘനാളുകൾകൊണ്ട് ഇവർ ആയിരിക്കുന്നു. നല്ലവരായ നാട്ടുകാരുടെ സഹായസഹകരണത്തോടെയാണ് ഇതുവരെയും എത്തിച്ചേർന്നത്. കിടക്കുവാൻ ഒരു പാർപ്പിടവും അത് വീയ്ക്കുവാൻ അൽപം ഭൂമിയും അത്യാവശ്യമായി വന്നിരിക്കുന്നു. തുടർ ചികിത്സയ്ക്കും സാമ്പത്തികം ആവശ്യമാണ്. ഇവരുടെ നന്മയ്ക്കായി ഏതെങ്കിലും വിധത്തിലുള്ള കൈത്താങ്ങലുകൾ ചെയ്യുവാൻ കഴിയുന്നവർ ദയവായി സഹായിക്കുമോ?

Thomas Joseph,
SBI, Moolamattom
A/c No. 67354588218
IFSC: SBIN0070258

(Phone: +91 9747461521)

## ആത്മീയ ഉൾക്കാഴ്ച പകർന്ന മിഷൻ യാത്ര

ദുബായ്: യുവജനങ്ങൾക്ക് സുവിശേഷ ദർശനം നൽകുക എന്ന ലക്ഷ്യത്തോടെ പി.വൈ.പി.എ.യുടെ യു.എ.ഇ. റീജിയൻ ക്രമീകരിച്ച മിഷൻ യാത്ര നവംബർ 16 -ന് സമാപിച്ചു. നേപ്പാൾ, ബീഹാർ എന്നിവിടങ്ങളിലെ വിവിധ ഗ്രാമങ്ങൾ സന്ദർശിച്ച ടീം സുവിശേഷ പ്രവർത്തനങ്ങളുടെ സാധ്യതയും വെല്ലുവിളിയും വിലയിരുത്തി. പ്രതിസന്ധികൾക്കിടയിലും യേശുവിനായി ധീരതയോടെ നിലകൊള്ളുന്ന മിഷനറിമാരുടെ അനുഭവങ്ങൾ ടീമിന് ആവേശം പകർന്നു. വിവിധ യോഗങ്ങളിൽ പാസ്റ്റർ പി.എം. സാമുവേൽ, പാസ്റ്റർ ഷിബു വർഗീസ്, ഷിബു മുള്ളംകാട്ടിൽ, ബ്ലസൻ തോണിപ്പാറ, ജിജി വർഗീസ് എന്നിവർ പ്രസംഗിച്ചു. ജീവകാരുണ്യ പ്രവർത്തനവും നടത്തി. പ്രാദേശിക ക്രമീകരണങ്ങൾക്ക് ഡോ. എബി പി. മാത്യു, പാസ്റ്റർ ടൈറ്റസ് ജോൺസൺ എന്നിവർ നേതൃത്വം നൽകി. നമ്മുടെ സഭകൾ സുവിശേഷീകരണത്തിന് പ്രാമുഖ്യം നൽകണമെന്നും മിഷൻ പ്രവർത്തനങ്ങളുടെ പ്രാധാന്യത്തെപ്പറ്റി യുവജനങ്ങളിൽ അവബോധം ഉണ്ടാകുവാൻ തുടർന്നും ഇത്തരം യാത്രകൾ നടത്തുമെന്നും പി.വൈ.പി.എ. റീജിയൻ സെക്രട്ടറി ഷിബു മുള്ളംകാട്ടിൽ അറിയിച്ചു.

BETHEL BATTERY HOUSE
Nellikkala, Elanthoor



Authorised
Amaron Dealer Mr. JOY VARGHESE - 9048830149
DIGITAL INVERTER & CC TV INSTALLATION
ഞങ്ങൾ നല്കുന്ന സാധനങ്ങൾക്ക്
എല്ലാ സ്ഥലത്തും സേവനം ഉണ്ടായിരിക്കും

# തക്കസമയത്ത് പ്രവർത്തിച്ച അമ്മ

സ്ത്രീകളുടെ പംക്തി



ഷീലാദാസ്, കീഴൂർ

യിസ്രായേൽ രാജാക്കന്മാരിൽ മൂന്നാമനാണ് ശലോമോൻ. ഒന്നാമത്തെ രാജാവായ ശൗലിനെയും രണ്ടാമത്തെ രാജാവായ ദാവീദിനെയും ശമുവേൽ പ്രവാചകൻ അഭിഷേകം ചെയ്തു. എന്നാൽ മൂന്നാമത്തെ രാജാവായ ശലോമോനെ, അപ്പനായ ദാവീദിന്റെ സിംഹാസനത്തിലിരുത്തുമെന്ന്, ദാവീദ് തന്റെ ജീവകാലത്ത് ആണയിട്ട്, ശലാമോന്റെ അമ്മയായ ബർശേബായോട് പറഞ്ഞിരുന്നു. എന്നാൽ ദാവീദ് വൃദ്ധനായപ്പോൾ, അദ്ദേഹം ആ കാര്യം മറന്നുപോയി. എന്നാൽ ആ കാര്യം ദാവീദിനെ ഓർപ്പിക്കുവാൻ ബത്ശേബ ധൈര്യപ്പെട്ടു.

തന്റെ മകനെക്കുറിച്ച് ലഭിച്ച വാഗ്ദത്തം, മറക്കാതെ തക്കസമയത്ത് ഓർപ്പിച്ച് രാജസ്ഥാനത്താക്കിയ ആ അമ്മ പ്രശംസയ്ക്ക് അർഹയാണ്. ദാവീദ് പോലും മറന്നു. അദോനിയാവ് രാജാവാകുവാൻ ശ്രമിക്കുന്നു എന്നറിഞ്ഞപ്പോൾ, ദൈവത്തിന്റെ പ്രവാചകനായ നാഥാനിലൂടെ ഉറപ്പ് ലഭിച്ച ബത്ശേബ കൊട്ടാരത്തിലെത്തി. ദാവീദ് രാജാവ് ശലോമോനെ രാജാവാകുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്തു. ദൈവം തക്കസമയത്ത് നൽകിയ ആലോചനപ്രകാരം ബുദ്ധിമതിയായ ബത്ശേബ പ്രവർത്തിച്ചതുകൊണ്ട് തന്റെ തലമുറയോടുള്ള വാഗ്ദത്തം നിറവേറി.

തലമുറയ്ക്ക് ഒരിക്കൽ ലഭിച്ച വാഗ്ദത്തം അത് മറന്നുകളയാതെ ദൈവത്തെ ഓർപ്പിക്കുവാൻ നാം തയ്യാറായാൽ നമ്മുടെ ജീവകാലത്തുതന്നെ തലമുറയുടെ നന്മ നാം കാണുവാനിടയാകും. യഹോവയെ ഓർപ്പിക്കുന്നവരേ, നിങ്ങൾ സ്വസ്ഥരായിരിക്കരുത് എന്ന് വചനം പറയുന്നു. ദൈവം നൽകിയിട്ടുള്ള വാഗ്ദ ത്തങ്ങളിൽ അവൻ എന്നും വിശ്വസ്തൻ തന്നെയാണ്. എന്നാൽ നാം ഓർപ്പിക്കുന്നവരായിരിക്കണം. ദൈവം പറഞ്ഞവാക്കുകൾ മാറുകയില്ല. അത് ലഭിക്കുവോളം കാത്തിരിക്കണം.

തലമുറകൾ ദൈവവഴിവിട്ട് സഞ്ചരിക്കുമ്പോഴും അവരെക്കുറിച്ച് ദൈവം പറഞ്ഞ വാഗ്ദത്തങ്ങൾ വിട്ടുകളയരുത്. അവരെ മടക്കിക്കൊണ്ടുവരാൻ ദൈവത്തിന് കഴിയും എന്ന് വിശ്വസിക്കണം. പ്രതികൂല സാഹചര്യങ്ങളിൽ വിശ്വാസത്തോടെ, ബത്ശേബാ രാജസന്നിധിയിലെത്തിയതുപോലെ നാമും ദൈവസന്നി ധിയിലെത്തുക. നിശ്ചയമായും ബത്ശേബയെ സഹായിപ്പാൻ നാഥാനെ അയച്ചതുപോലെ ദൈവം നമ്മെ താങ്ങുവാനുള്ള കരങ്ങളെ എഴുന്നേൽപ്പിക്കും. ചരിത്രത്തിലും വേദപുസ്തകത്തിലും അനുഗ്രഹിക്കപ്പെട്ട അഭിഷിക്തന്മാരെ വാർത്തെടുത്തതിന്റെ പിമ്പിൽ തക്കസമയത്ത് ബുദ്ധിയോടെ പ്രവർത്തിച്ച ചില അമ്മമാരുണ്ട്.

ഈ തലമുറയിലെ ഒരു ബുദ്ധിമതിയായ അമ്മയായി മാറുവാൻ നിങ്ങൾക്കാഗ്രഹമുണ്ടോ? എങ്കിൽ ഇപ്പോൾ തടസ്സമായിനിൽക്കുന്ന സാഹചര്യങ്ങളെ വലുതായി കാണാതെ, അവയെ കീഴടക്കി മുന്നേറുക. തലമുറകൾ ദൈവത്താൽ മാനിക്കപ്പെടുന്നവരായി മാറുന്നത് നാം കാണും. ദാവീദ് മറന്നതിനെ ഓർപ്പിച്ചത് ഒരു അമ്മയാണ്. ലോകത്തിലെ ഉന്നതന്മാർ ചിലപ്പോൾ അവരുടെ വായകൾ മറന്നെന്ന് വരാം. എന്നാൽ ദൈവം നിങ്ങളുടെ കൂടെ ഉണ്ടെങ്കിൽ നിങ്ങൾ ധൈര്യമായി നിന്നാൽ മതി. തക്കസമയത്ത് നിങ്ങളെയും നി ങ്ങളുടെ തലകളെയും ഉയർത്തുവാനുള്ള ദൈവികപദ്ധതികൾ നടന്നുകൊണ്ടിരിക്കുന്നു. കാണാതെ വിശ്വസി ക്കുന്നവർ ഭാഗ്യവാന്മാർ ദൈവം സഹായിക്കട്ടെ.

## ഒന്നായി പാടാം കൂട്ടായ്മ ആചരിച്ചു

തിരുവല്ല: 2018 ഏപ്രിൽ 1-ാം തീയതി തിരുവല്ല പബ്ലിക് സ്റ്റേഡിയത്തിൽ 1000 ഗായകരാൽ നടത്തപ്പെടുന്ന പൊതുമീറ്റിംഗിന്റെ ആലോചനായോഗം നവംബർ 27 -ാം തീയതി തിരുവല്ല പഞ്ചമി ഹോട്ടലിൽ കൂടുകയുണ്ടായി. മ്യൂസിഷ്യന്മാർ, ഗാനരചയിതാക്കൾ, ഗായകർ, പത്രപ്രവർത്തകർ, ചീഫ് എഡിറ്റർമാർ, എഡിറ്റർമാർ തുടങ്ങി വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന അനേകം ആൾക്കാർ പങ്കെടുക്കുകയും ആശയങ്ങൾ അന്യോന്യം പങ്കുവയ്ക്കുകയും വിഷയങ്ങൾ അവതരിപ്പിക്കുകയും ചെയ്തു.


## ആവശ്യമുണ്ട്

ലാന്റ്‌വേ ന്യൂസിന്റെ മാർക്കറ്റിംഗ് സെക്ഷനിലേക്ക് ആളിനെ ആവശ്യമുണ്ട്. പൂർണ്ണമായോ ഭാഗികമായോ ജോലിയിൽ പങ്കാളികളാകാം. കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത എസ്എസ്എൽസി. സ്ത്രീകൾക്കും പുരുഷന്മാക്കും അപേക്ഷിക്കാം. പ്രായപരിധി 50 വയസിൽ കൂടാൻ പാടില്ല.

അന്വേഷണങ്ങൾക്ക്:
Phone: 9447440441
ബയോഡേറ്റാ അയക്കുവാനുള്ള ഈമെയിൽ:
landwaynews@gmail.com

## വസ്തു വില്പനക്ക്

റിസോർട്ടിനും, വീടുവക്കുവാനുമായി സൗകര്യമുള്ള കല്ലട ഈസ്റ്റ് തീരത്തോട് ചേർന്നുള്ള (തേനി ഹൈവേ റൂട്ട്) ഒരേക്കർ സ്ഥലം ഉടൻ വില്പനക്ക്. അന്വേഷണങ്ങൾക്ക് +91 894 387 8633

## വീടും സ്ഥലവും വില്പനക്ക്

കായംകുളത്തിനടുത്ത് കറ്റാനം ഭരണിക്കാവ് പെട്രോൾ പമ്പിന് സമീപം ചുറ്റുമതിലോടുകൂടിയ 10 സെന്റ് സ്ഥലവും 2100 sq.ft വീടും വില്പനക്ക്. വിളിക്കേണ്ട നമ്പർ +91 9497417114.


## അറിയിപ്പ്

ഇതുവരെയും ലാൻഡ് വേയുടെ പ്രവർത്തനങ്ങളോട് സഹകരിച്ച എല്ലാവർക്കും നന്ദി. തുടർന്നും വരിസംഖ്യ അടച്ച് ഈ പ്രവർത്തനം സുഗമമായി മുമ്പോട്ട് പോകുവാനുള്ള സഹായ സഹകരണങ്ങൾ അപേക്ഷിക്കുന്നു.

*ചീഫ് എഡിറ്റർ*

# ഇടിമിന്നൽ
## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ



ഇടിമിന്നലിന് ശേഷം 3 സെക്കന്റിനുള്ളിൽ നിങ്ങൾ ഇടിയുടെ മുഴക്കം കേട്ടാൽ മനസ്സിലാക്കുക ഇടിമിന്നൽ 1 കി.മി പരിധിയിൽ വളരെ അപകടകരമായ രൂപത്തിൽ അടുത്തുണ്ട്. ഓരോ 3 സെക്കന്റും കൂടുന്നത്1 കി.മി അകലം കൂട്ടും. 6 സെക്കന്റ് എടുത്താലും 2 കി.മി. അടുത്താണ് എന്നു മനസ്സിലാക്കുക. 12 സെക്കന്റ് വരെയുള്ള സമയം വളരെ അപകടം പിടിച്ചതാണ്.അതുകൊണ്ട് വേണ്ട സുരക്ഷാ മുൻകരുതൽ എടുക്കുക. ആകാശത്തു നിന്ന് താഴേക്ക് വരുന്ന മിന്നൽ ഭൂമിയിൽ നിന്നും ഏറ്റവും ഉയർന്ന് നിൽക്കുന്ന വസ്തുവിന്റെ അഗ്രത്തിലാണ് ആദ്യം പതിക്കുന്നത്. കെട്ടിടമോ, മരമോ, മൊബൈൽ ടവറോ എന്തുമാകാം ആ വസ്തു.

പർവ്വതങ്ങളുടെ സാന്നിധ്യവും വൃക്ഷ നിബിഡതയുമാണ് കേരളത്തിൽ ഇത്രയധികം മിന്നലുണ്ടാ കാൻ കാരണം. ബംഗാളും, കാശ്മീരും, കേരളവുമാണ് ഇന്ന് ഏറ്റവുമധികം മിന്നലുണ്ടാകുന്ന സംസ്ഥാന ങ്ങൾ. ചുരത്തിന്റെ സാന്നിദ്ധ്യമുള്ളതിനാൽ പാലക്കാട്ട് മിന്നൽ കുറവാണ്. എന്നാൽ കൊല്ലം, കോഴിക്കോട്, കോട്ടയം, മലപ്പുറം, കണ്ണൂർ, പത്തനംതിട്ട ജില്ലകളിൽ മിന്നൽ കൂടുതൽ.

- ആകാശത്ത് മഴയുടെയും ഇടിയുടെയും ലക്ഷണങ്ങൾ കാണുമ്പോഴേ ടിവി കേബിളും മറ്റും ഊരി മാറ്റുക.
- ഇടിയുള്ളപ്പോൾ വാതിലിലും ജനലരികും ഇരിക്കുന്നത് ഒഴിവാക്കുക. ലോഹസാധനങ്ങളിൽ സ്പർശിക്കരുത്.
- ചെരിപ്പ് ധരിക്കുന്നതാണ് ഉത്തമം.
- തുറസ്സായ സ്ഥലത്ത് നിന്നു വീടിനുള്ളിലേക്ക് കയറുക.
- ഉയരമുള്ള ഒറ്റപ്പെട്ട മരത്തിന്റെ ചുവട്ടിലും സുരക്ഷിതമല്ല.
- കാൽ ചേർത്തുവച്ച് മുറിയുടെ നടുവിൽ ഇരിക്കാം.
- തുറസ്സായ സ്ഥലത്ത് അകപ്പെട്ടാൽ വാഹനങ്ങളിൽ ഗ്ലാസിട്ട് ഇരിക്കുന്നത് പൊതുവേ സുരക്ഷിതമാണ്.
- വാഹനത്തിൽ ചാരി നിൽക്കരുത്.
- ഇരുമ്പുവേലികൾ, റയിൽപാളങ്ങൾ, പൈപ്പുകൾ, കെട്ടിടം എന്നിവയിൽ നിന്ന് അകന്നുനിൽക്കണം.
- അലുമിനിയം ഉൾപ്പെടെ ലോഹമേൽക്കൂരയുള്ള ടെറസുകളും പൊതുവേ മിന്നലിനെ ചെറുക്കും.
- കോൺക്രീറ്റ് കെട്ടിടങ്ങളും താരതമ്യേന സുരക്ഷിതമാണ്.
- മിന്നലുള്ളപ്പോൾ കെട്ടിടത്തിനുള്ളിൽ അത്യാവശ്യത്തിന് മൊബൈൽ ഉപയോഗിക്കാമെങ്കിലും ലാന്റ് ഫോണും ടിവിയും മറ്റ് ഉപകരണങ്ങളും പ്രവർത്തിപ്പിക്കരുത്.
- അകലെ ഇടിയുടെ ശബ്ദം കേൾക്കുമ്പോഴേ കരുതലുകൾ എടുത്തുതുടങ്ങണം.
- പത്ത് കിലോമീറ്റർ അകലെ കേട്ട ഇടിക്ക് നമ്മുടെ വീട്ടിലെത്താൻ നിമിഷങ്ങളുടെ ഇടവേളമാത്രം മതി.
- മിന്നലേറ്റാൽ പരിഭ്രമിക്കരുത്.
- മിന്നലേൽക്കുന്ന ആൾ വീണാലുടൻ മരിക്കുന്നു എന്ന കരുതി പരിഭ്രമിച്ചു പോകരുത്.
- ചെറിയൊരു ശതമാനമേ മരിക്കാറുള്ളു. വീഴുന്നയാളുടെ ശരീരത്തിൽ വൈദ്യുതിയില്ല.
- ഉടനെ കൃത്രിമ ശ്വാസം നൽകാം.
- ശരീരത്തിൽ പൊള്ളലേറ്റില്ലെങ്കിലും ശരീരം തിരുമ്മി ഉണർത്താം.
- തുണിയിൽ മുക്കി വെള്ളം നനയ്ക്കുന്നതും ഉത്തമം.
- ഇറുകിയ വസ്ത്രം അയച്ച് എത്രയും വേഗം ആശുപത്രിയിലെത്തിക്കുക.
- ന്യൂറോളജി മുതൽ മനശാസ്ത്രം വരെ ചേർന്നു നിൽക്കുന്ന ചികിത്സയാണ് മിന്നലേറ്റയാളിന് വേണ്ടത്.
- ലോകമെങ്ങും അന്തരീക്ഷത്തിന് ചൂടു കൂടുന്നതുമൂലം മേഘങ്ങളുടെ സഞ്ചാരവേഗം വർദ്ധിക്കുന്ന തിനാൽ ഇടിമിന്നലിന്റെ എണ്ണവും വർദ്ധിക്കുകയാണ്.
- മനുഷ്യജീവന് പുറമേ വസ്തുവകകൾക്കും കനത്ത നഷ്ടമാണ് മിന്നലിൽ വിതയ്ക്കുന്നത്.


## ലാൻഡ്‌വേ ന്യൂസിന്റെ പരസ്യനിരക്കുകൾ

| SIZE | MULTICOLOUR | BLACK & WHITE |
|---|---|---|
| Frontside Half | 16,000/- | NIL |
| Full Page (Back) | 18,000/- | NIL |
| Half Page (Back) | 10,000/- | NIL |
| Quarter Page (Middle) | 6,000/- | NIL |
| 10 Cm X 3 Column | 5,000/- | 3,000/- |
| 10 Cm X 2 Column | 4,000/- | 2,000/- |
| 5 Cm X 2 Column | 2,000/- | 1,000/- |
| Minimum 5 cm X 1 Column - Rs. 750/- (BW) | | |
| Matrimonial - Rs 750/- for 4 Issues Rs. 2500/- (BW) | | |

**വരിസംഖ്യ, സംഭാവന, പരസ്യത്തുക എന്നിവ അയയ്ക്കേണ്ട ലാൻഡ്‌വേ ന്യൂസിന്റെ ഔദ്യോഗിക വിലാസവും ബാങ്ക് അക്കൗണ്ടും താഴെ കൊടുക്കുന്നു.**

*Office Address*

LANDWAY NEWS,
Thumpamon P. O.,
Pathanamthitta (Dist),
Kerala State, India - 689502.

*Bank Details*

LANDWAY NEWS,
A/c. No. 0386073000000078,
South Indian Bank,
Thumpamon Branch,
IFSC: SIBL0000386,
SWIFT CODE: SOININ55.

## ഇന്ത്യയ്ക്ക് പുറത്തുനിന്നുള്ള ലാൻഡ്‌വേ ന്യൂസ് വായനക്കാരുടെ ശ്രദ്ധയ്ക്ക്

ഇന്ത്യയ്ക്ക് പുറത്തുള്ള ചില രാജ്യങ്ങളിൽ നിന്നും സംഘടനകളുടെ പേരിൽ സംഭാവന അയയ്ക്കാൻ അനുവദനീയമല്ല. അങ്ങനെയുള്ള രാജ്യങ്ങളിൽ നിന്നും വരിസംഖ്യകളും സംഭാവനകളും അയയ്ക്കുന്നവർ താഴെക്കാണുന്ന ബാങ്ക് വിലാസത്തിൽ അയയ്ക്കുക.

**Santhosh Pandalam,
A/C No: 14170100002307,
IFSC Code: FDRL0001417,
MICR Code: 689049476.**

**Federal Bank,
Pandalam Branch,
Pathanamthitta (Dist),
Kerala, India.**

Bringing You Closer to God
LANDWAY

# LANDWAY NEWS

Published From Pathanamthitta
Volume No. 3, Issue No.12 | Pages 8 | Price: Rs. 10/-

10 DECEMBER 2017

Thumpamon P. O.,
Pandalam, Pathanamthitta (Dist),
Kerala State, India - 689502,
Phone: +91-9447440441,
Email: landwaynews@gmail.com
www.landwaynews.com

RNI-KERBIL/2015/62054.
Postal Registration No.
KL/PTA/93/2015 - 2017.
WPP License Number:
KL/PTA/WPP/217/2015 - 2017.
Posted at RMS, Thiruvalla,
Posting Date: on 10/12/2017.


## ചൂഷണം അനുഭവിക്കുന്ന അധ്യാപകർ



ഡഗ്ലസ് ജോസഫ്

നേഴ്സുമാരെപോലെ ചൂഷണം നേരിടുന്ന ഒരു വിഭാഗമാണ് സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ, കേരള ബോർഡ് സിലബസുകളിലെയും സ്വകാര്യ സ്കൂളുകളിൽ പഠിപ്പിക്കുന്ന അധ്യാപകർ. കേരളത്തിൽ സ്വകാര്യ ഹോസ്പിറ്റലുകൾ സ്തംഭിപ്പിച്ചുകൊണ്ട് പതിനായിരക്കണക്കിന് നേഴ്സുമാർ ന്യായമായ ശമ്പളത്തിനായി സമരം തുടങ്ങിയിരിക്കുന്നു. ആ സമരം എന്ത് വിലകൊടുത്തും വിജയിപ്പിക്കും എന്ന ദൃഢപ്രതിജ്ഞയിലാണ് നേഴ്സുമാരുടെ സംഘടനകൾ.

കേരളത്തിൽ കൂണുപോലെ മുളച്ചുപൊന്തിയ സ്വകാര്യ സ്കൂളുകൾ കനത്ത ഫീസും, ഡൊണേഷനും, യൂണിഫോം, ടെക്സ്റ്റ് ബുക്ക് കച്ചവടത്തിലെ കൊള്ളലാഭവും നേടി തടിച്ചു കൊഴുത്തു. ഭാവി തലമുറയെ വാർത്തെടുക്കുന്ന നമ്മുടെ കുട്ടികൾക്ക് അറിവ് പകർന്നു കൊടുക്കുന്ന അധ്യാപകർക്ക് വെറും മൂവായിരം രൂപ മുതലാണ് മാസശമ്പളം. ബംഗാളിക്ക് കേരളത്തിൽ ദിവസം 600 മുതൽ 800 വരെ കൂലപ്പണിക്ക് ലഭിക്കുമ്പോൾ വണ്ടിക്കൂലിക്ക് പോലും ശമ്പളം തികയാത്ത അവസ്ഥയിലാണ് സ്വകാര്യ സ്കൂൾ അധ്യാപകർ.

അമൃതാനന്ദമയി, കത്തോലിക്ക, യാക്കോബായ, ഓർത്തഡോക്സ്, മാർത്തോമ്മാ, ബിഷപ്പ് യോഹന്നാൻ തുടങ്ങി പലവിധ സഭകൾ, മുസ്ലിം സമുദായ ട്രസ്റ്റുകൾ ഇങ്ങനെ ചൂഷണത്തിന്റെ കാര്യത്തിൽ മതസൗഹാർദ്ദമുണ്ട്. എൽ.കെ.ജിയിൽ അഡ്മിഷന് പതിനായിരം മുതൽ ലക്ഷം വരെയാണ് ഡൊണേഷൻ. കോടിക്കണക്കിനാണ് ഇവരുടെ ലാഭം. ഈ കൊള്ളയെ ചോദ്യം ചെയ്യാൻ ആരുമില്ല. യാതൊര് നിയന്ത്രണവും ഇല്ലാതെ ഓരോ വിദ്യാർത്ഥിയിൽനിന്നും വർഷം പതിനായിരക്കണക്കിന് ലക്ഷക്കണക്കിന് രൂപ പല പേരിൽ ഈടാക്കുന്ന സ്വകാര്യ സ്കൂൾ മാനേജ്മെന്റുകൾ കൊള്ളലാഭം ഉണ്ടാക്കുന്നു.

**1. സമരത്തിന് സമയമായി**

സ്വകാര്യ സ്കൂൾ അധ്യാപകർ കേരള അൺ എയ്ഡഡ് സ്കൂൾ ടീച്ചേഴ്സ് ഓർഗനൈസേഷൻ നേതൃത്വത്തിൽ ചില സമരങ്ങൾ നടത്തി എങ്കിലും, പിരിച്ചു വിടൽ ഭീഷണി, കുട്ടികളുടെ ഭാവി അവതാളത്തിൽ എന്നുപറഞ്ഞു പേരൻസിനെ ഇളക്കി വിട്ടും, അച്ചന്മാരും, പള്ളിക്കാരും വിരട്ടിയും സമരങ്ങളെ ഇല്ലാതാക്കി. ഇനി സ്വകാര്യസ്കൂൾ മാനേജ്മെന്റുകളുടെ ചൂഷണം നടക്കില്ല. 17000 രൂപ വരെ തരാം എന്ന് പറഞ്ഞിട്ടും തങ്ങൾ ആവശ്യപ്പെട്ട 20000 രൂപ മിനിമം ബേസിക് സാലറി കിട്ടിയില്ലെങ്കിൽ കേരളത്തിലെ മുഴുവൻ പ്രൈവറ്റ് ഹോസ്പിറ്റലുകളും നിശ്ചലമാക്കുന്ന സമരം നഴ്സുമാർ തുടങ്ങാൻ പോകുന്നു.

അധ്യാപകർ നഴ്സുമാരെ മാതൃകയാക്കണം. ജൂണിൽ സ്കൂൾ തുറന്ന്, ഇനി ഈ നക്കാപ്പിച്ച ശമ്പളത്തിന് പഠിപ്പിക്കാൻ ഇല്ലാ എന്നു പറയാനുള്ള ആർജ്ജവം കേരള അൺ എയ്ഡഡ് സ്കൂൾ ടീച്ചേഴ്സ് ഓർഗനൈസേഷൻ (ഗഡഠഛ) കാണിക്കണം. കുട്ടികളുടെ പരീക്ഷ, സിലബസ് തീർക്കൽ, ഭാവി ഇവ പറയുന്നുവരോട് പറയണം ഞങ്ങളുടെ മാതാപിതാക്കന്മാരും ഞങ്ങളെ പഠിപ്പിച്ചത് ഒരു നല്ല ഭാവി ഉണ്ടാവാനാണ്. ഈ തുഛ ശമ്പളം വാങ്ങി ഭാവി തുലാക്കനല്ല. ആദ്യം അധ്യാപകജോലിക്ക് ഒരു ഭാവിയും മാന്യമായ ശമ്പളവും കിട്ടട്ടെ എന്നിട്ടുമതി കുട്ടികളുടെ ഭാവിയും, മാനേജ്മെന്റുകളുടെ കൊള്ള ലാഭവും. സ്കൂൾ പൂട്ടട്ടെ, ഇവിടെ ഒരു ചുക്കും സംഭവിക്കാനില്ല. വെറുതെ ജാഡ കാട്ടി, പുറം മോഡി കാട്ടി, പൊങ്ങച്ച ക്കാരായ മലയാളികളെ സി.ബി.എസ്.ഇ എന്നും ഐ.സി.എസ്.ഇ എന്നും ഒക്കെ പറഞ്ഞ് സ്വകാര്യ സ്കൂൾ മാനേജ്മെന്റുകൾ കൊള്ളയടിക്കുന്നു. ഇപ്പോൾ കേരള ഗവൺമെന്റ് സർക്കാർ, എയ്ഡഡ് സ്കൂളുകളുടെ നിലവാരം വളരെയധികം മെച്ചപ്പെടുത്തിക്കഴിഞ്ഞു. ഈ പുതിയ അധ്യയന വർഷത്തിൽ ഒരു ലക്ഷം വിദ്യാർത്ഥികളാണ് സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ സ്കൂളുകൾ വിട്ട് സർക്കാർ, എയ്ഡഡ് സ്കൂളുകളിലേക്ക് ചേർന്നത്.

ഇപ്പോൾ മലയാളിക്ക് മനസിലായി തുടങ്ങി സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ എന്ന പൊങ്ങച്ചം തങ്ങളുടെ കീശ ചോർത്താനേ ഉപഹരിക്കൂ എന്ന്. അതുകൊണ്ട് വിദ്യാഭ്യാസത്തെ കച്ചവടമാക്കുന്നവർ കരുതിക്കോ വരും ദിനങ്ങളിൽ കേരളത്തിൽ ആഞ്ഞടിക്കുന്ന കൊടുംകാറ്റായി സ്വകാര്യ സ്കൂൾ അധ്യാപക സമരം വരുന്നു. ന്യായമായ ശമ്പളം അധ്യാപകർക്ക് നൽകാൻ നിങ്ങൾക്ക് സാധിക്കുന്നില്ലെങ്കിൽ സ്കൂൾ നിറുത്തണം. ഇപ്പോൾ കേരള ഗവൺമെന്റ് സർക്കാർ, എയ്ഡഡ് സ്കൂളുകളിലേക്ക് വിദ്യാർത്ഥികളെ ആകർഷിക്കാൻ, നിലവാരം മെച്ചപ്പെടുത്താൻ വളരെയധികം കാര്യങ്ങൾ ചെയ്തു കഴിഞ്ഞു. സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ വിദ്യാഭ്യാസം സൗജന്യമാണ്. അതുകൊണ്ട് സഭ, സമുദായം, ആൾ ദൈവങ്ങൾ, റിയൽ എസ്റ്റേറ്റുകാർ ഇവരൊക്കെ വിദ്യാഭ്യാസം കച്ചവടമാകുന്ന സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ സ്കൂളുകളും പൂട്ടി വല്ല സൂപ്പർ മാർക്കറ്റോ, ഷോപ്പിംഗ് മാളോ തുടങ്ങുന്നതാണ് നല്ലത്.

**2. സർക്കാർ, സ്വകാര്യ അധ്യാപകർ ആനയും ആടും പോലെ**

ഏപ്രിൽ 2017 ൽ പുതുക്കിയ ശമ്പള പ്രകാരം ഗവൺമെന്റ് എൽ.പി. യു.പി അധ്യാപകർക്ക് 25000 രൂപയാണ് ശമ്പളം. ഹൈസ്കൂൾ അധ്യാപകർക്ക് ശമ്പളം 29200. പ്ലസ്ടു അധ്യാപകർക്ക് 39500 ആണ് ശമ്പളം. ഇത്ര കനത്ത ശമ്പളം സർക്കാർ സ്കൂൾ അധ്യാപകർ വാങ്ങുമ്പോൾ സ്വകാര്യ സ്കൂൾ അധ്യാപകർക്ക് കിട്ടുന്നത് 3000 മുതലാണ്. യാതൊരു നിയന്ത്രണവും ഇല്ലാതെ ഓരോ വിദ്യാർത്ഥിയിൽ നിന്നും വർഷം പതിനായിര ക്കണക്കിന് ലക്ഷക്കണക്കിന് രൂപ പല പേരിൽ ഈടാക്കുന്ന സ്വകാര്യ സ്കൂൾ മാനേജ്മെന്റുകൾ കൊള്ള ലാഭം ഉണ്ടാക്കുന്നു. എന്നാൽ മികച്ച ശമ്പളം കൊടുക്കുന്ന ചില ഇന്റർനാഷണൽ സ്കൂളുകൾ നമ്മുടെ നഗരങ്ങളിൽ ഉണ്ട് എന്നത് വിസ്മരിക്കുന്നില്ല. പക്ഷേ അവ വിരലിൽ എണ്ണാവുന്ന സ്കൂളുകൾ മാത്രമാണ്. പത്തും മുപ്പതും വർഷം സർവീസ് ഉള്ള ചില അദ്ധ്യാപകർക്ക് ലഭിക്കുന്ന ശമ്പളം പതിനായിരം രൂപയാണ്. പ്ലസ്ടു കഴിഞ്ഞ് ഡിഗ്രിയും (3 വർഷം) മാസ്റ്റർ ഡിഗ്രിയും (2 വർഷം) ബി.എഡും (2 വർഷം) പാസ്സായവരാണ് മൂവായിരമോ, അയ്യായിരമോ രൂപയ്ക്ക് അടിമപണി ചെയ്യുന്നത്.

**3. കോടതി വിധിക്ക് പുല്ലുവില**

2012 സെപ്റ്റംബർ 12 ന് കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് പുറപ്പെടുവിച്ച ഉത്തരവിൽ പ്രൈമറി സ്കൂൾ അധ്യാപകർക്ക് 10000 രൂപയും ഹൈസ്കൂൾ അധ്യാപകർക്ക് 15000 രൂപയും പ്ലസ്ടു അധ്യാപകർക്ക് 20000 രൂപയും ലഭിക്കുന്നു എന്ന് ഉറപ്പു വരുത്തണം എന്ന് സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ ബോർഡുകളോട് ആവശ്യപ്പെട്ടിരുന്നു. ഈ കോടതിവിധിക്ക് പുല്ലുവിലയാണ് മിക്കവാറും പ്രൈവറ്റ് സ്കൂൾ മാനേജ്മെന്റുകളും നൽകിയത്. കേരളത്തിൽ 25 ശതമാനം സ്കൂൾ മാനേജ്മെന്റുകൾ മാത്രമേ വിധി നടപ്പാക്കിയുള്ളൂ. കോടതിയെ പറ്റിക്കാൻ ഇവർ ചെയ്യുന്ന പണി അധോലോക മാഫിയ നിലവാരത്തിൽ ഉള്ളതാണ്. അധ്യാപകരുടെ അക്കൗണ്ടിൽ കോടതി വിധി പ്രകാരമുള്ള ശമ്പളം എല്ലാ മാസവും ഇടും. പക്ഷേ 20000 പിൻവലിക്കുന്ന അധ്യാപകന് യഥാർത്ഥ ശമ്പളമായ 5000 മോ 10000 കഴിച്ച് ബാക്കി തുക സ്കൂൾ മാനേജരെ ഏൽപ്പിക്കണം. 2012 മുതൽ ഈ വഞ്ചന നടന്നുവരുന്നു. ഇതിന് നേതൃത്വം കൊടുക്കുന്നത് നീതിയും ന്യായവും സഹജീവി സ്നേഹവും പ്രസംഗിക്കുന്ന ആൾ ദൈവങ്ങളും, പള്ളിലച്ചന്മാരും, കന്യാസ്ത്രീകളുമാണ് എന്നത് വിരോധാഭാസമാണ്. നിങ്ങൾ ദൈവത്തിനുമുമ്പിൽ കണക്ക് ബോധിപ്പിക്കേണ്ടിവരും. അധ്യാപകരുടെ കണ്ണുനീരും, ഗുരുശാപവും നിങ്ങൾ അന്യായമായി ഉണ്ടാക്കിയ സമ്പത്തിന്റെ അടിത്തറ ഇളക്കും.

**4. മിനിമം വേതന നിയമം**

കേരളത്തിൽ ചുമട്ടു തൊഴിലാളിക്കും, കർഷക തൊഴിലാളിക്കും, കൂലി പണിക്കാർക്കും എല്ലാം മിനിമം വേതന നിയമം ഉണ്ട്. പക്ഷേ വരും തലമുറകളെ രാഷ്ട്രത്തിനായി വാർത്തെടുക്കുന്ന അധ്യാപകർക്ക് മിനിമം വേതന നിയമം ബാധകമല്ല. സ്കൂൾ മാനേജ്മെന്റുകളുടെ ചൂഷണത്തിന് ഇരയായി, തങ്ങളുടെ ജീവിതം ഹോമിക്കുന്ന ഒരു ഒന്നേകാൽ ലക്ഷം അധ്യാപകരും അവരെ ആശ്രയിച്ചു ജീവിക്കുന്നവരും നമ്മുടെ സമൂഹത്തിന്റെ നീതിബോധത്തിനുനേരെ വിരൽ ചൂണ്ടുന്നു. അഞ്ചും ഏഴും വർഷം പഠിച്ചു ഉന്നത ബിരുദ ങ്ങൾ നേടിയ അധ്യാപകർക്ക് തുണിക്കടയിൽ നിൽക്കുന്ന സെയിൽസ് ഗേളിന്റെ സാലറി കൊടുക്കാത്ത നമ്മുടെ സമൂഹവ്യവസ്ഥ നീചമാണ്.

**5. നമ്മുടെ തലമുറകളുടെ ഭാവി അവതാളത്തിൽ**

തുച്ഛമായ ശമ്പളം മാത്രം ലഭിക്കുന്നതിനാൽ ഇന്ന് അധ്യാപക തൊഴിൽ രംഗത്തേക്ക് കടന്നു വരുന്നവരുടെ എണ്ണം നാൾക്കുനാൾ കുറയുന്നു. ഇന്ന് അധ്യാപക പരിശീലനം നൽകുന്ന ബി.എഡ് കോഴ്സിൽ ചേരാൻ വിദ്യാർത്ഥികളെ കിട്ടാനില്ല. മിടുക്കരായ വിദ്യാർത്ഥികൾ ആരും തന്നെ ഈ മേഖലയിൽ വരുന്നില്ല. വേറെ ഒരു കോഴ്സിനും അഡ്മിഷൻ കിട്ടാത്ത പഠനത്തിൽ പിന്നോക്കമായവരാണ് ഭാവിയിൽ അധ്യാപകരാവുക. സർക്കാർ സ്കൂളിൽ നല്ല ശമ്പളം ഉണ്ടെങ്കിലും ജോലി സാധ്യത തീരെ കുറവ്. നല്ല അധ്യാപകർ ഇല്ലെങ്കിൽ നമ്മുടെ തലമുറകളുടെ ഭാവി ഇരുട്ടിലാകും. ഏതു സമൂഹത്തിന്റെയും ഉയർച്ച നല്ല വിദ്യാഭ്യാസത്തിൽ അധിഷ്ഠിതമാണ്. നല്ല വേതനം ഉറപ്പു വരുത്തേണ്ടത് നമ്മുടെ പുരോഗതിക്ക് അത്യന്താപേക്ഷിതമാണ്.








## ലാന്റ്വേ സാഹിത്യ അവാർഡ് 2018 ലേക്ക് ലേഖനങ്ങൾ ക്ഷണിക്കുന്നു

ലാന്റ്വേ സാഹിത്യ അവാർഡ് 2018 ലേക്ക് ലേഖനങ്ങൾ ക്ഷണിക്കുന്നു. 'സമർത്ഥനായ ലേഖകന്റെ എഴുത്തുകോൽ' എന്നതാണ് വിഷയം. ലേഖനം അയയ്ക്കേണ്ട അവസാന തീയതി 2017 ഡിസംബർ 31 വരെ മാത്രം. ഈ തീയതിക്കു ശേഷം ലഭിക്കുന്ന ലേഖനങ്ങൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. സുവിശേഷ വീക്ഷണത്തിൽ നിന്നുകൊണ്ട് ഏത് കാഴ്ച്ചപ്പാടിലും ലേഖനം എഴുതാവുന്നതാണ്. ഇംഗ്ലീഷിലും മലയാളത്തിലും ലേഖനം എഴുതുവാനുള്ള അവസരം ഉണ്ടായിരിക്കും. A4 പേപ്പറിന്റെ ഒരു പുറത്ത് മാത്രമേ ലേഖനം എഴുതാൻ പാടുള്ളൂ. നാല് പേജുകളിൽ കൂടുതൽ എഴുതുവാൻ പാടില്ല. ഇതിൽ കാണിച്ചിട്ടുള്ള സ്റ്റാമ്പ് വെട്ടിയെടുത്ത് അല്ലെങ്കിൽ കോപ്പിയെടുത്ത് അയയ്ക്കുന്ന കവറിന് പുറത്ത് ഒട്ടിച്ചിരിക്കണം. ഈമെയിൽ അയയ്ക്കുന്നവർ മുകളിൽ സ്റ്റാമ്പ് സ്കാൻ ചെയ്തു കൊടുത്തിരിക്കണം. നിബന്ധനകൾ പാലിക്കാത്ത ലേഖനങ്ങൾ പരിഗണിക്കുന്നതല്ല. ആദ്യത്തെ 3 പേർക്ക് ക്യാഷ് പ്രൈസും മൊമെന്റോയും സർട്ടിഫിക്കറ്റും ലഭിക്കും. മറ്റുള്ളവർക്ക് സർട്ടിഫിക്കറ്റും ലഭിക്കും. വിജയികളെ പ്രഖ്യാപിക്കുന്നതിനുള്ള അന്തിമതീരുമാനം ലാന്റ്വേ ന്യൂസിന് മാത്രമായിരിക്കും

**മൽസരത്തിന് ലേഖനങ്ങൾ അയയ്ക്കുമ്പോൾ കവറിന് പുറത്ത് വൃത്താകൃതിയിലുള്ള ഈ ചിത്രം വെട്ടിയൊട്ടിക്കാൻ മറക്കരുത്...!**

LANDWAY SAHITHYA AWARD 2017


Printed, Published and owned by Santhosh Pandalam and Printed at Mangalam Publications (I) PVT, LTD, Mangalam Complex, S.H. Mount P.O, Kottayam (Dist), Kerala (State), Pin – 686006, Olive Thottathil, Thumpamon P.O, Pathanamthitta (Dist), Kerala (State), India – Editor: Sherly Santhosh.